# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ഇ.കെ.എം(എം 1)725/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോതമംഗലം മുനിസിപ്പാലിറ്റി

സർ,

വിഷയം : കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം
5)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ - ഇ.കെ.എം(എം 1)725/2022 തീയ്യതി: 20/07/2022

## എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 19-04-2022 | 04-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-04-2022 | 04-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ധീരജ് ജെ,ഓഡിറ്റ് ഓഫീസർ
ഗോപകുമാർ എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഹരീഷ് ബാബു എൻ,,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വിജു എം എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.
അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ടിനു കെ ജെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജു സിജു | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീമതി കവിത എസ് കുമാർ | സെക്രട്ടറി | 01-04-2019 | 15-12-2019 |
| ശ്രീമതി ഷേർല ബീഗം | സെക്രട്ടറി | 16-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ് സീനത്ത് ബീവി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഹുമൈബാൻ ടി ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ സജി ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ അമൃത ആർ നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ അഞ്ജലി എൻ യു | സൂപ്രണ്ട് /ചീഫ് മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീമതി സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അനിത എസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ അനൂപ് ജോർജ്ജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 07-08-2019 |
| ശ്രീ വിവിൻ നെൽസൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 08-08-2019 | 31-03-2020 |
| ശ്രീ പ്രദീപൻ മരുതേരി | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2019 | 15-12-2019 |
| ശ്രീ ജഗന്നാഥ് | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 16-12-2019 | 31-03-2020 |
| ഡോ നൈന ടി എ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ പി പി മുഹമ്മദാലി അഷറഫ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 03-08-2019 |
| ഒഴിവ് | ഹെൽത്ത് സൂപ്പർവൈസർ | 04-08-2019 | 03-09-2019 |
| ശ്രീ ലത്തീഫ് എ പി | ഹെൽത്ത് സൂപ്പർവൈസർ | 04-09-2019 | 03-12-2019 |
| ഒഴിവ് | ഹെൽത്ത് സൂപ്പർവൈസർ | 04-12-2019 | 20-12-2019 |
| ശ്രീ വിജയപ്രകാശ് എസ് | ഹെൽത്ത് സൂപ്പർവൈസർ | 21-12-2019 | 31-03-2020 |
| ശ്രീമതി ടി എ റസീറ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 23-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 23-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-2-1 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-2-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: TINU K.J. (Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Hareesh Babu .N (Asst. Audit Officer, On 06-05-2022)<br>Last Updated By: Bindu L (Computer Assistant, On 16-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Bindu L (Computer Assistant, On 16-07-2022) | 1-10 |
| 12 | ആസ്തി രജിസ്റ്റർ<br>Written By: Hareesh Babu .N (Asst. Audit Officer, On 03-05-2022)<br>Last Updated By: Bindu L (Computer Assistant, On 16-07-2022) | 1-11 |
| 13 | തെറ്റായ ഉപയോഗക്രമം നൽകി വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു - പ്രതിവർഷം 28873 രൂപ വീതവും 2020 വരെ 157693 രൂപയും വസ്തുനികുതി നഷ്ടം<br>Written By: TINU K.J. (Auditor, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-12 |
| 14 | തെറ്റായ മേഖല ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു-2020 വരെ 13,501/- രൂപ വസ്തു നികുതി നഷ്ടം<br>Written By: TINU K.J. (Auditor, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-13 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക<br>Written By: TINU K.J. (Auditor, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-14 |
| 16 | റദ്ദ് ചെയ്യപ്പെട്ട സാംഖ്യാരസീതുകൾ വഴി വാണിജ്യ കെട്ടിടങ്ങളുടെ | 1-15 |

| | | |
|---|---|---|
| | വസ്തുനികുതി ഈടാക്കിയതായി രേഖപ്പെടുത്തി<br>Written By: TINU K.J. (Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | |
| 17 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-16 |
| 18 | റസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാതെ വാട്ടർ അതോറിറ്റിക്ക് റോഡ് കട്ടിംഗ് അനുമതി നൽകി<br>Written By: Aneesh R (Auditor, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-17 |
| 19 | റോഡ് കട്ടിംഗ് അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Aneesh R (Auditor, On 03-05-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-18 |
| 20 | വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-19 |
| 21 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-തുക വിതരണം ചെയ്തതിലെ അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-20 |
| 22 | ശുചിത്വമിഷൻ ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-21 |
| 23 | ആർഎംഎസ്എ ഗ്രാന്റ് വിനിയോഗിച്ചില്ല<br>Written By: Aneesh R (Auditor, On 04-05-2022)<br>Last Updated By: Bindu L (Computer Assistant, On 18-07-2022) | 1-22 |
| 24 | അനുപൂരക പോഷകാഹാര പദ്ധതി-അനർഹമായി.ജി.എസ്.ടി നല്കി<br>Written By: Viju M S (Senior Grade Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-23 |
| 25 | പെൻഷൻ ഫണ്ട്<br>Written By: Hareesh Babu .N (Asst. Audit Officer, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-24 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - നഗരസഭക്ക് വൻബാധ്യത<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-25 |
| 27 | സംയുക്തപരിശോധന നടത്തിയില്ല<br>Written By: Viju M S (Senior Grade Auditor, On 06-07-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-25-1 |
| 28 | ഭവന വായ്പയായി നല്കിയ തുക തിരികെ ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-26 |
| 29 | മരാമത്ത് ബില്ലിൽ നിന്ന് ജി.എസ്.ടി കിഴിവ് വരുത്തിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-27 |
| 30 | ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-28 |
| 31 | ഉപയോഗിച്ച ബിറ്റുമെന്റെ കാലിവീപ്പയുടെ വില കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-29 |
| 32 | കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 05-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-30 |
| 33 | അധികമായി കൈപ്പറ്റിയ ബിറ്റുമിന്റെ തുക കരാറുകാരനിൽ നിന്ന് തിരികെ | 1-31 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ്<br>Written By: M.S.Gopakumar (Asst. Audit Officer, On 05-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | |
| 34 | സമയബന്ധിതമായി പ്രവ്യത്തി പൂർത്തികരിച്ചിട്ടില്ല- നിയമാനുസ്യത പിഴ ഈടാക്കേണ്ടതാണ്<br>Written By: M.S.Gopakumar (Asst. Audit Officer, On 07-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 19-07-2022) | 1-32 |
| 35 | മരാമത്ത് പ്രവ്യത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല – ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: M.S.Gopakumar (Asst. Audit Officer, On 07-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-33 |
| 36 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Hareesh Babu .N (Asst. Audit Officer, On 29-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-34 |
| 37 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-35 |
| 38 | പുരയിട കൃഷി വികസനം-വളം വിതരണം- അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ.<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-36 |
| 39 | ജലസേചന പമ്പ് സെറ്റ് വിതരണം- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 1-37 |
| 40 | നികുതി ഈടാക്കാതെയും കരാർ വ്യവസ്ഥ പാലിക്കാതെയും വാഹന വാടക നൽകി<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-38 |
| 41 | മാർഗ്ഗരേഖ പ്രകാരമല്ലാതെ ക്യാൻസർ ബോധവൽക്കരണ ക്യാമ്പ് നടത്തി.<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-39 |
| 42 | ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് എന്നിവ ലഭ്യയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-40 |
| 43 | വാട്ടർ അതോറിറ്റി നിക്ഷേപ പ്രവർത്തി നടത്തിയതിലെ ന്യൂനതകൾ .<br>Written By: Dheeraj J (Audit Officer, On 07-05-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Aneesh R (Auditor, On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-6 |
| 7 | ഓഡിറ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 26-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Dheeraj J (Audit Officer, On 04-05-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Hareesh Babu .N (Asst. Audit Officer, On 24-04-2022)<br>Last Updated By: Bindu L (Computer Assistant, On 20-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കോതമംഗലം നഗരസഭയുടെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 19.02.2019 തീയതിയിലെ 1(1) തീരുമാന പ്രകാരം ബജറ്റിന് അംഗീകാരം നൽകുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു. 2019-20 ലെ റിവൈസ്ഡ് ബജറ്റ് 28.02.2020 തീയതിയിൽ അംഗീകരിക്കുകയുണ്ടായി.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 32682803.00 | 58856014.40 | -26173211.40 |
| വരവ് | 407440033.00 | 198466730.00 | 208973303.00 |
| ആകെ | 440122836.00 | 257322744.40 | 182800092.00 |
| ചെലവ് | 435150833.00 | 226233402.00 | 208917431.00 |
| നീക്കിയിരുപ്പ് | 4972003.00 | 31089342.40 | -26117339.40 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി കൂടുതൽ പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

### 1-2-1 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 05.07.2020 |

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-2 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

കോതമംഗലം നഗരസഭയുടെ 2019-20 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) B7 ഷെഡ്യൂളിലെ Contractors EMD (340100101), Suppliers EMD (340100105), Contractors Retention Money (340100301), Rent Deposit (340200100), Auction Deposit (340200200) എന്നിവയുടെ നീക്കിയിരിപ്പ് മുന്നിരിപ്പ്, വരവ്, ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2) Electricity Deposit (460600100), Water Deposit (460600300) എന്നീ ഹെഡ്ഡുകളിൽ യഥാക്രമം 49,844/-, 1,14,000/- തുകകൾ മുന്നിരിപ്പുണ്ടായിരുന്നു. തൻവർഷം കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പ്രസ്തുത നിക്ഷേപ തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ തന്നെ Electricity Deposit (460600100), Water Deposit (460600300) എന്നീ ഹെഡ്ഡുകളിൽ നിന്നും തുക ആസ്തി ഹെഡ്ഡിലേക്ക് മാറ്റിയിട്ടുണ്ട്.

3) തൻവർഷം കേരള ഇലക്ട്രിസിറ്റി ബോർഡിന് 7 നിക്ഷേപ പ്രവർത്തികൾക്കായി 990091/- രൂപയും, കേരള വാട്ടർ അതോറിറ്റിക്ക് 5 നിക്ഷേപ പ്രവർത്തികൾക്കായി 3,45,900/- രൂപയും നൽകിയിട്ടുണ്ട്. ടി നിക്ഷേപ പ്രവർത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ, Electricity Deposit (460600100), Water Deposit (460600300) എന്നീ ഹെഡ്ഡുകളിൽ അഡ്വാൻസായി രേഖപ്പെടുത്തുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ഹെഡ്ഡിൽ ചെലവായി രേഖപ്പെടുത്തുകയാണ് ചെയ്തത്.

4) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ RP 440(b) പ്രകാരമുള്ള തുകയും, ബാലൻസ് ഷീറ്റിലെ പത്രികയുമായും പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 58856014.40 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 198466730.00 |

| | | |
|---|---|---|
| ആകെ | | 257322744.40 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 226233402.00 |
| നീക്കിയിരിപ്പ് | | 31089342.40 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3284 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 904000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 24287806 | 24287806 | 24287806 | 0 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 7144066 | 7144066 | 7144066 | 0 | 0 |
| വികസന ഫണ്ട്-ടി എസ്.പി | 0 | 16000 | 16000 | 16000 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 9982174 | 9982174 | 9982174 | 0 | 0 |
| മെയിന്റനൻസ്, നോൺ- റോഡ് | 0 | 4874284 | 4874284 | 4874284 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 17042086 | 17042086 | 17042086 | 0 | 0 |
| എസ് എസ് എ UBI | 60716 | 2091 | 62807 | 0 | 62807 | 0 |
| ദുരിതാശ്വാസ നിധി | 1100 | 0 | 1100 | 0 | 1100 | 0 |
| എ.യു.ഇ. ജി.എസ് | 2834394 | 5101990 | 7936384 | 7203761 | 732623 | 0 |
| ഐ.എച്ച്. എസ്. ഡി.പി. | 264668 | 9543 | 274211 | 0 | 274211 | 0 |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 12898767 | 514097 | 13412864 | 495473 | 12917391 | 0 |
| ഐ.ഡി. എസ്. എം.ടി | 3359100 | 0 | 3359100 | 0 | 3359100 | 0 |
| എൻ.യു.എൽ. എം. | 737233 | 1388053 | 2125286 | 1269847 | 855439 | 0 |
| പി.എം.എ. വൈ. | 19483000 | 504122854 | 69895254 | 65400000 | 4495254 | 0 |
| സ്വച്ച് ഭാരത് | 270707 | 0 | 270707 | 195662 | 75045 | 0 |
| എസ് എൻ പി വിഹിതം | 811476 | 815101 | 1626577 | 1499775 | 126802 | 0 |
| എസ് ബി ഐ 17970 പി എഫ് | 679980 | 4755 | 684735 | 684735 | 0 | 0 |
| ആർ എം എസ് എ | 902538 | 0 | 902538 | 0 | 902538 | 0 |
| ആർ എം എസ് എ ടോയ്‌ലറ്റ് നിർമ്മാണം | 325265 | 0 | 325265 | 0 | 325265 | 0 |
| ആശ്രയ ഫണ്ട് | 333333 | 0 | 333333 | 333333 | 0 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 338 | 150486000 | 79 | 69269968 | 203 | 58 | 23.37% |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2834394 | 5102108 | 7936502 | 454471 | 7482031 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 6309286 | 6309286 | 6309286 | |

| | | | | | |
|---|---|---|---|---|---|
| (കൂലിച്ചെലവ്) | | | | | |
| മെറ്റീരിയൽ കോസ്റ്റ് | | 12772 | 12772 | 12772 | |
| ആകെ | 2834394 | 11424166 | 14258560 | 6776529 | 7482031 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | | | തൊഴിലെടുത്തവർ | | | | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 100 ദിനം തൊഴിൽ ലഭിച്ചവർ | നൽകിയ വേതനം |
|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | ആകെ | പു | സ്ത്രീ | ആകെ | പട്ടിക ജാതി | | | |
| 1215 | 75 | 1290 | 150 | 615 | 750 | 52 | 23281.5 | 37 | 6322058 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32640 | 35 |
| കർഷകത്തൊഴിലാളി പെൻഷൻ | 1489200 | 241 |
| വിധവാപെൻഷൻ | 7933800 | 1355 |
| വാർദ്ധക്യകാല പെൻഷൻ | 14374500 | 2590 |
| വികലാംഗ പെൻഷൻ | 2154900 | 388 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 402600 | 75 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2022 തീയതിയിൽ ഉച്ചയ്ക്ക് 3.00ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 106424/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളിലെ പോരായ്മകൾ വരുമാന നഷ്ടം, അധിക ചെലവ്, ക്രമക്കേടുകൾ എന്നിവയ്ക്ക് കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓഫീസ് ഉത്തരവ് മുഖേന സെക്രട്ടറി ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും ഫീൽഡ് തല റിപ്പോർട്ടിംഗിന് ചുമതലപ്പെട്ട ജീവനക്കാർ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫീൽഡ് തലത്തിൽ നിർമ്മാണ ഘട്ടത്തിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാലാണ് ഖണ്ഡിക 1-12, 1-13 പ്രകാരമുള്ള അപാകതകൾ ഉണ്ടായിട്ടുള്ളതെന്ന് കാണാം. പെർമിറ്റ് ഇല്ലാതെ നടത്തുന്ന നിർമ്മാണങ്ങൾ അതത് സമയം റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് തല ജീവനക്കാരെ ഓഫീസ് ഉത്തരവ് മുഖേന ചുമതലപ്പെടുത്തുന്നതിലും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സൂപ്പർവൈസറി തലത്തിൽ നിരന്തരം നിരീക്ഷിക്കുന്നതിനും സാധ്യമാകുന്ന തരത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്.

2) സെക്ഷനുകൾ തൻ പതിവേടുകൾ തയ്യാറാക്കി പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സ്ഥാപനത്തിലെ രേഖകളുടെ സൂക്ഷിപ്പ് സംവിധാനം കാര്യക്ഷമമല്ല. അപാകതകൾ പരിഹരിക്കുന്നതിനായും ഫയൽ സിസ്റ്റം

കാര്യക്ഷമമാക്കുന്നതിനുമായി സൂചിക സോഫ്റ്റ്‌വെയർ വിന്യസിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട് . ഫയൽ സിസ്റ്റത്തിലെ അപാകത മൂലമാണ് ഖണ്ഡിക 1-31 പരാമർശിച്ചിട്ടുള്ള അപാകതകളുണ്ടായിട്ടുള്ളത്. ഫയലിൽ നടപടികൾ സമയബന്ധിതമായി നടപ്പാക്കപ്പെട്ടു എന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരാൽ നിരീക്ഷിക്കപ്പെട്ടില്ല. ഫയലുകൾ സൂക്ഷിക്കുന്നതിലും സെക്ഷനുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

3) രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. വാടക വരവൊഴികെയുള്ള വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളോ വരവ് രജിസ്റ്ററുകളോ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. ഇത് കാരണം സ്ഥാപനത്തിന് പിരിച്ചെടുക്കാനുള്ള നികുതി -നികുതിയേതര വരുമാനങ്ങളെ കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ലാതിരിക്കുകയും തന്മൂലം വരുമാന നഷ്ടമുണ്ടാകാനും കാരണമാകുന്നു.

സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് സ്ഥാപനത്തിൽ അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബജറ്റ് സംബന്ധിച്ച വസ്തുതകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബജറ്റ് പ്രകാരം അനുവദനീയമായ പരിധി പിന്നിടുന്ന ഒരു ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ്‌വെയർ സഹായകമാകുന്നില്ല. മേൽ സാഹചര്യത്തിലും ആവർത്തന ചെലവുകൾ അടക്കമുള്ള തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിൻജന്റ് ബില്ലുകളിൽ ബജറ്റ് പ്രകാരം അനുവദിച്ച തുകയുടെയും അതത് ബില്ല് വരെയുള്ള ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രമിച്ചിട്ടില്ല. തനത് ഫണ്ട് അക്കൗണ്ടുകളിൽ ഇതര സ്വഭാവമുള്ള ഫണ്ടുകൾ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ മുഖേന നിരീക്ഷിക്കുന്നില്ല. അക്കൗണ്ടുകൾ റികൺസിലിയേഷൻ നടത്തുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

4) ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനത്തിന്റെ സാധന സേവന ആവശ്യകതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഏകീകൃതമായി സമാഹരിക്കുന്നതിന് സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ച് ആവശ്യകതകൾ മുൻകൂട്ടി നിശ്ചയിച്ച് സാധനങ്ങളും സേവനങ്ങളും ഒരുമിച്ച് സമാഹരിക്കുന്നതിലൂടെ സ്ഥാപനത്തിന് ലാഭമുണ്ടാക്കാമായിരുന്നു.

5) ആസ്തികളുടെ സംരക്ഷണത്തിലും പരിപാലനത്തിലും സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. ഇത്തരം വീഴ്ചകൾ പുഴ – പുറമ്പോക്കുകൾ കയ്യേറുന്നതിലും ആസ്തി അന്യാധീനപ്പെടുന്നതിനും കാരണമായേക്കാം. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ കൃത്യമാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി സംബന്ധിച്ച രേഖകൾ പോലും സ്ഥാപനത്തിന് സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സാധിച്ചിട്ടില്ല. കാലഹരണപ്പെട്ട ഇലക്ട്രോണിക് ആസ്തികൾ ഉൾപ്പെടെയുള്ള ആസ്തികൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണ്ണീച്ചറുകൾ എന്നിവ പൂർണ്ണമായും സ്റ്റോക്ക്/ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇവയുടെ കൃത്യമായ മൂല്യം വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുടെ പോരായ്മ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ മോണിറ്ററിംഗ് ഉൾപ്പെടെയുള്ള ചുമതലകളിലെ വീഴ്ച മുതലായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2016 മുതൽ 30.07.2016 വരെ | 2013-14 IInd Half മുതൽ 2014-15 Ist Half വരെ | 14.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2019 മുതൽ 20.09.2019 വരെ | 2017-18 മുതൽ 2018-19 വരെ | 29.10.2019 |

## 1-11 ആസ്തി രജിസ്റ്റർ

സർക്കാർ ഉത്തരവ് നം. 50412/ഡിബി2/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങളുടെ ആസ്തികൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും, ആയതിന്റെ ഇ-കോപ്പി ഐ.കെ.എമ്മിന് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. അത്തരത്തിൽ അസറ്റ് രജിസ്റ്ററിന്റെ ഇ-കോപ്പി ഐ.കെ.എമ്മിന് നൽകിയിട്ടില്ല. ആയത് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (02/19.04.2022) നൽകിയതിന് ലഭിച്ച മറുപടിയിൽ ആസ്തികൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുകയുണ്ടായി.

1) ഒരു അങ്കണവാടി വാടക കെട്ടിടത്തിലും, 4 അങ്കണവാടികൾ സ്കൂൾ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുകയുണ്ടായി. ഈ അങ്കണവാടികൾ വാടകയ്ക്ക്/സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് പകരം നഗരസഭയുടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

2) നഗരസഭ വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂമി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

3) തദ്ദേശ സ്വയം ഭരണ വകുപ്പ് 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം LSGD പ്രസിഡന്റ്/ചെയർമാൻ, സ്റ്റിയറിങ് കമ്മിറ്റി മെമ്പേഴ്സ്, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ നഗരസഭയിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) നഗരസഭയുടെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ആസ്തികളുടെ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5) ആസ്തി രജിസ്റ്റർ പുതിയതായി നിർമ്മിച്ച റോഡുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് എന്ന് വരെ കാലികമാക്കി എന്നതും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6) നഗരസഭക്ക് വിട്ടുകിട്ടിയിട്ടുള്ള വിവിധ ഘടക സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനായി ടി ആസ്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ നഗരസഭയിൽ ലഭ്യമാണോ എന്നും വ്യക്തമാക്കേണ്ടതാണ്.

## 1-12 തെറ്റായ ഉപയോഗക്രമം നൽകി വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു - പ്രതിവർഷം 28873 രൂപ വീതവും 2020 വരെ 157693 രൂപയും വസ്തുനികുതി നഷ്ടം

താഴെ ചേർത്ത വാണിജ്യ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗ ക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 70 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 90 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി കോതമംഗലം നഗരസഭ നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

<u>പട്ടിക – 1</u>

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 70 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 90 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | നികുതി നിർണ്ണയം നടത്തിയ വർഷം | കുറവ് | 2020 വരെ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 17/305 | പ്രസിഡന്റ്, സെക്രട്ടറി | 112.6 | 7882 + 1576.4 (വഴി സൗകര്യം | 10134 + 2026.8 - 1216.08 = | 2013 രണ്ടാം | 2432 | 18240 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | മർച്ചന്റ് അസോസിയേഷൻ കോതമംഗലം | | 20% വർദ്ധനവ്) - 945.84(ബഹുനില വാണിജ്യാവശ്യം 10% ഇളവ്) = 8513 | 10945 | അർദ്ധ വർഷം മുതൽ | | |
| 2 | 8/364 | ആന്റണി, മുണ്ടയ്ക്കൽ, കോതമംഗലം | 140 | 9800 + 1960 (വഴിസൗകര്യം 20% വർദ്ധനവ്) = 11760 | 12600 + 2520 = 15120 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 3360 | 16800 |
| 3 | 19/554 B | അബ്ദുൾ കരീം ചാത്തനാട്ട്, കോതമംഗലം | 115.8 | 8106 + 1621.2 (വഴിസൗകര്യം 20% വർദ്ധനവ്) - 972.72 (ബഹുനില വാണിജ്യവശ്യം 10% ഇളവ്) = 8755 | 10422 + 2084.4 -1250.64 = 11256 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 2501 | 12505 |
| 4 | 26/340 | നസീറ ഇബ്രാഹിം, കോട്ടയിൽ, കറുകടം | 162 | 11340 - 1134 (മേൽക്കുര 20% ഇളവ്) - \1134( മേഖല 10% ഇളവ്) = 9072 | 14580- 1458 - 1458 = 11664 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 2592 | 12960 |
| 5 | 30/841 | ചെയർമാൻ, മീന ചാരിറ്റബിൾ ട്രസ്റ്റ് കോതമംഗലം | 193.5 | 13545 - 1354.5 (കാലപ്പഴക്കം 10% ഇളവ്) + 2709(വഴിസൗകര്യം 20% വർദ്ധനവ്) - 744.975(ബഹുനില വാണിജ്യവശ്യം 5% ഇളവ്) = 14155 | 17415- 1741.5 + 3483 - 1044.9 = 18112 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 3957 | 19785 |
| 6 | 30/1257 | ലിസ്സി കര്യാക്കോസ്, കുറ്റിശ്രുക്കടിയിൽ, കോതമംഗലം | 200 | 14000 - 1400 (മേൽക്കുര 10% ഇളവ്) - 2800 (കാലപ്പഴക്കം 20% ഇളവ്) + 2800 (വഴിസൗകര്യം 20% വർദ്ധനവ്) = 12600 | 18000 - 1800 - 3600 + 3600 = 16200 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 3600 | 18000 |
| 7 | 31/185 F | അരുൺ ഡേവിഡ് & Others, ചെമ്പക്കോട്ടു കുടിയിൽ, തൃക്കാരിയൂർ പി ഒ | 105.99 | 7419.3 + 1483.86 (വഴിസൗകര്യം 20% വർദ്ധനവ്) - 445.158 (ബഹുനില വാണിജ്യവശ്യം 5% ഇളവ്) = 8459 | 9539.1 + 1907.82 - 572.346 = 10875 | 2013 ഒന്നാം അർദ്ധ വർഷം മുതൽ | 2416 | 19328 |
| 8 | 31/297 | വർക്കി തോമസും കൊച്ചുത്രേസ്യയും, തകിടിയിൽ, ചേലാട് | 101.69 | 7118.3 + 1423.66 (വഴി സൗകര്യം 20% വർദ്ധനവ്) = 8542 | 9152.1 + 1830.42 = 10983 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 2441 | 12205 |
| 9 | 31/438 | ബാബു മകൾ എലിസബത്ത് പുളിനാട് | 116.14 | 8129.8 + 1625.96 (വഴിസൗകര്യം 20% വർദ്ധനവ്) = 9756 | 10452.6 + 2090.52 = 12543 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 2787 | 13935 |
| 10 | 31/441 | ബാബു മകൾ മീര പുളിനാട് | 116.14 | 8129.8 + 1625.96 (വഴി സൗകര്യം 20% വർദ്ധനവ്) = 9756 | 10452.6 + 2090.52 = 12543 | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 2787 | 13935 |
| ആകെ കുറവ് | | | | | | | 28873 | 157693 |

മേൽ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിനാൽ പ്രതി വർഷം 28,873/- രൂപയും 2020 വരെ രണ്ടാം അർദ്ധ വർഷം 1,57,643/- രൂപയും വസ്തു നികുതി നഷ്ടമായിട്ടുണ്ട്.

ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (1/19-4-2022) ക്രമ നമ്പർ 2, 4, 5, 8, 9, 10 എന്നിവ പഴയ കെട്ടിടങ്ങളാണെന്നും സ.ഉ(എം.എസ്)നം.144/15 തസ്വഭവ തീ.27-4-2015 പ്രകാരം പഴയ നികുതിയിൽ നിന്നും 100 ശതമാനം മാത്രം വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് വരുത്തി നികുതി നിർണ്ണയം നടത്തേണ്ട കെട്ടിടങ്ങളാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഈ ഉത്തരവ് പ്രകാരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കാൻ പാടില്ല. പുതിയ നിർമ്മാണം ഉണ്ടെങ്കിൽ ആനുപാതികമായ വർദ്ധനവ് അധികമായി വരുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച 6 കെട്ടിടങ്ങളുടെ പഴയ നികുതിയും, 100% വർദ്ധനവും, 90 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതിയും താഴെ ചേർക്കുന്നു.

പട്ടിക -2

| ക്രമ നമ്പർ | കെട്ടിട നമ്പർ | പഴയ നികുതി | 100% വർദ്ധനവ് | 90 രൂപ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|
| 1 | 8/364 | 8400 | 16800 | 15120 |
| 2 | 26/340 | 6425 | 12850 | 11664 |
| 3 | 30/841 | 7800 | 15600 | 18112 |
| 4 | 31/297 | 4848 | 9696 | 10983 |
| 5 | 31/438 | 6750 | 13500 | 12543 |
| 6 | 31/441 | 6750 | 13500 | 12543 |

30/841, 31/297 നമ്പർ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം മാത്രമാണ് വർദ്ധനവ് 100% ൽ അധികരിച്ചിരിക്കുന്നത്. ഇവയുടെ കെട്ടിടനികുതി 100% വർദ്ധനവിൽ നഗരസഭ നിജപ്പെടുത്തിയിട്ടില്ല. തെറ്റായ ഉപയോഗ ക്രമവുമാണ് നൽകിയത്. മറുപടിയിൽ സൂചിപ്പിച്ച അവശേഷിക്കുന്ന വാണിജ്യ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക വസ്തുനികുതി നിശ്ചയിക്കുമ്പോൾ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കുന്നില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിശ്ചയിച്ചതിന്റെ കാരണം എന്തെന്ന് മറുപടിയിൽ ഇല്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫയലുകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (1/19-4-2022) അറിയിച്ചിരുന്നെങ്കിലും ആയവ ലഭ്യമാക്കിയില്ല. ആയതിനാൽ പുതിയ നിർമ്മാണം നടന്നിട്ടുണ്ടോ എന്നും വ്യക്തമല്ല. മേൽ കെട്ടിടങ്ങൾക്ക് ശരിയായ ഉപയോഗ ക്രമം നൽകി വസ്തുനികുതി നിശ്ചയിക്കേണ്ടതും കുറവായി ഈടാക്കിയിരുന്ന വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-13 തെറ്റായ മേഖല ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു-2020 വരെ 13,501/- രൂപ വസ്തു നികുതി നഷ്ടം

11.10.2013 ലെ 13(9) നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോതമംഗലം നഗരസഭയുടെ 15.10.2013ലെ ആർ1-6361/07 നമ്പർ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം 17, 18, 19, 30, 31 വാർഡുകൾ പൂർണ്ണമായും പ്രഥമ മേഖലയിൽ ഉൾപ്പെട്ടതാണ്. എന്നാൽ ഈ വാർഡിലെ ചില കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി കെട്ടിടനികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ

താഴെ ചേർക്കുന്നു.

Form 6, അസസ്സമെന്റ് രജിസ്റ്റർ എന്നിവ പ്രകാരം

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | നിശ്ചയിച്ച് ഈടാക്കുന്ന വാർഷിക വസ്തു നികുതി | മേഖല ഇനത്തിൽ നൽകിയ ഇളവ് | 2020 വരെ അനുവദിച്ച ഇളവ് |
|---|---|---|---|---|---|---|---|
| 1 | 30/1019/C1 | പ്രവീൺ സേവ്യർ, ഇടക്കാട്ട് പടി, എം.സി ജോസഫ് മുണ്ടക്കൽ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 114.6339 | 6305 | 573.1695 | 1719/- (2018 മുതൽ) |
| 2 | 30/791/A1 | വിനോദ് കുമാർ, കളരിയ്ക്കൽ,ആയക്കാട് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 15.41 | 1128 | 107.87 | 321/- (2018 മുതൽ) |
| 3 | 30/791/A | ലൈജു താണേലിമാലി ബാബു, താണേലിമാലി, തലപ്പുഞ്ച | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 27.59 | 2019 | 193.13 | 1545/- (2013 മുതൽ) |
| 4 | 19/838 | ഡോ.പി.കെ.അലി & ഷൈനി അലി | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 66.17 | 3804 | 363.935 | 2548/- (2014 മുതൽ) |
| 5 | 19/894/B | ജിജു ഐസക്ക്, മാലിയിൽ, എം. എ. കോളേജ്, കോതമംഗലം | പാർപ്പിടാവശ്യം | 277.2 | 3660 | 332.64 | 2661/- (2013 മുതൽ) |
| 6 | 17/93 /A | പൌലോസ് പോൾ, കാക്കത്തോട്ടത്തിൽ | പാർപ്പിടാവശ്യം | 213.97 | 2311 | 256.764 | 2048/- (2013 മുതൽ) |
| 7 | 17/184/A2 | പി എസ് റഷീദ്, പുത്തിരികണ്ടത്തിൽ ഹൗസ്, വെണ്ടുവഴി, കോതമംഗലം പി ഓ | പാർപ്പിടാവശ്യം | 169.24 | 1828 | 203.088 | 203/- (2020 മുതൽ) |
| 8 | 18/163/A | അഞ്ചു പോൾ, പോത്താനിക്കാട്ട് വീട്, കുത്തുകുഴി | പാർപ്പിടാവശ്യം | 310.7 | 4661 | 372.84 | 2232/- (2015 മുതൽ) |
| 9 | 18/242/A | ബേബിച്ചൻ ഷാന്റി | പാർപ്പിടാവശ്യം | 186.95 | 2020 | 224.34 | 224/- (2020 മുതൽ) |
| ആകെ | | | | | | | 13501/- |

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം പ്രഥമ മേഖലകളിൽ നികുതി ഇളവ് അനുവദനീയമല്ല. തെറ്റായി മേഖല ഇളവ് നൽകിയതിനാൽ മേൽ ചേർത്ത പ്രകാരം വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(14/26-4-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ വൻ കുടിശ്ശിക ഉണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | വാർഷിക വസ്തുനികുതി | 2020 രണ്ടാം അർദ്ധ വർഷം വരെ |
|---|---|---|---|---|

| | | | | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 8/166 | GTL Infrastructure LTD, കോതമംഗലം | 36864 | 148404 |
| 2 | 23/187 | റിലയൻസ് കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 38615 | 136745 |
| 3 | 28/15/A | എം എസ് റിലയൻസ് ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 22122 | 58342 |
| 4 | 31/474 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 25320 | 78567 |
| 5 | 31/475 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 25320 | 84751 |
| | | ആകെ | 148241 | 506809 |

ഇത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/19-4-2022) മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 റദ്ദ് ചെയ്യപ്പെട്ട സാംഖ്യാരസീതുകൾ വഴി വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതായി രേഖപ്പെടുത്തി

യാക്കോബ് ഐസക്ക് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4 വാണിജ്യ കെട്ടിടങ്ങളുടെ തൻവർഷത്തെ വസ്തുനികുതി വിവിധ സാംഖ്യാ രസീതുകൾ പ്രകാരം ആകെ 26,395/- രൂപ അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സാംഖ്യാ രസീതുകളെല്ലാം റദ്ദ് ചെയ്യപ്പെട്ടവയാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സാംഖ്യാ രസീത് നമ്പർ/ തീയതി | സഞ്ചയയിൽ വസ്തു നികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ട തുക | റദ്ദ് ചെയ്ത സാംഖ്യാ രസീതിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 30/781/D | 119040110040/9-1-2022 | 7660 | 7808 |
| 30/781/D1 | 119040110041/9-1-2022 | 6489 | 6615 |
| 30/781/D2 | 119040110042/9-1-2022 | 6219 | 6339 |
| 30/781/D3 | 119040110043/9-1-2022 | 6027 | 6144 |
| ആകെ | | 26395 | 26906 |

റദ്ദ് ചെയ്യപ്പെട്ട രസീതുകൾ വസ്തുനികുതിയായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെട്ടതിന് വിശദീകരണം നൽകേണ്ടതാണെന്നും കയ്യെഴുത്ത് രസീത് മുഖേനയോ ഓൺലൈനായോ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (7/19-4-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. റദ്ദ് ചെയ്യപ്പെട്ട രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യേണ്ടതും പ്രസ്തുത സാമ്പത്തിക വർഷം മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കിയ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. വസ്തുനികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

കോതമംഗലം നഗരസഭയിൽ 2019-20 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (21/27-4-2022) നല്കിയിരുന്നെങ്കിലും ഇവരിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയിൽ ഇല്ല. ഈ സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ രേഖകളും ലഭ്യമായില്ല. ഈ

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കെ പി ചാക്കോ ജ്വല്ലറി, കോതമംഗലം | I, II |
| 2 | ജോഹൻ ജ്വല്ലറി, കോതമംഗലം | I, II |
| 3 | ചേർക്കോട്ട് ജ്വല്ലറി, കോതമംഗലം | I, II |
| 4 | എൻ എഫ് സി ഫിനാൻസ്, കോതമംഗലം | I, II |
| 5 | ഈസ്റ്റേൺ ഫിനാൻസ് കോതമംഗലം | I, II |
| 6 | ക്യാപിറ്റൽ ഫിൻസെർവ് എൽ ടി ഡി കോതമംഗലം | I, II |
| 7 | കൈരളി ഫിനാൻസ്, തങ്കളം, കോതമംഗലം | I, II |
| 8 | ജ്യോതിസ് ഫിനാൻസ്, കോഴിപ്പിള്ളി, കോതമംഗലം | I, II |
| 9 | Geojit ഫിനാൻഷ്യൽ സർവ്വീസസ് എൽ ടി ഡി , കലാ ജംഗ്ഷൻ, കോതമംഗലം | I, II |
| 10 | Safe Prime Nidhi Limited, Kothamangalam | I, II |
| 11 | കേരള പെർമനെന്റ് ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ്, തങ്കളം, കോതമംഗലം | I, II |
| 12 | Reliant Credits (INDIA) LTD, Reliant Junction, Kothamangalam | I, II |
| 13 | ടോണി ചാക്കോ & അസോസിയേറ്റ്സ്, ചാർട്ടേഡ് അക്കൌണ്ടന്റ്സ്, ധർമ്മഗിരി ഹോസ്പിറ്റലിന് സമീപം. കോതമംഗലം | I, II |
| 14 | ബ്ലൂമൂൺ ബാർ & റെസ്റ്റോറന്റ് കോതമംഗലം | I, II |
| 15 | രാജസ്ഥാൻ മാർബിൾസ് കോതമംഗലം | I, II |

2) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (21/27-4-2022) നല്കിയിരുന്നെങ്കിലും ഇവരിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയിൽ ഇല്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ രേഖകളും ലഭ്യമായില്ല. പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ | അർദ്ധ വർഷം |
|---|---|---|---|
| 1 | മാതാ ടൂറിസ്റ്റ് ഹോം | 90 | I, II |
| 2 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് | 109 | I, II |
| 3 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് | 113 | I, II |
| 4 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ് | 126 | I, II |
| 5 | മാനേജിംഗ് ഡയറക്ടർ, ഹോട്ടൽ മരിയ ഇൻറർനാഷ്ണൽ | 138 | I, II |
| 6 | സപ്ലൈകോ മാവേലി സ്റ്റോർ, ഏലിയാസ് എം എസ്, കെ എൽ എം സൂപ്പർ മാർക്കറ്റ് | 140 | II |
| 7 | യുണൈറ്റഡ് ടെക്നിക്കൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 146 | II |
| 8 | KSEB ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ | 152 | I, II |
| 9 | എസ് ബി ഐ ലൈഫ് ഇൻഷൂറൻസ് കോ - എൽ ടി ഡി | 163 | II |
| 10 | ഡിസ്ട്രിക്റ്റ് ടെക്സ്റ്റ് ബുക്ക് ഡിപ്പോ | 170 | I |
| 11 | സബ് രജിസ്ട്രാർസ് ഓഫീസ് കോതമംഗലം | 172 | I, II |
| 12 | സപ്ലൈകോ മാവേലി സ്റ്റോർ പുതുപ്പാടി | 190 | I |
| 13 | അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, KSRTC | 202 | II |
| 14 | കേരള ടെലികോം സർക്കിൾ ചീഫ് ജെനറൽ മാനേജർ | 209 | I |

| | | | |
|---|---|---|---|
| 15 | അൽഫോൺസ ജി.ഡി.എസ്, ബി.പി.എം II കോഴിപ്പിള്ളി | 217 | I, II |

3) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത 39 പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (21/27-4-2022) ക്ക് ഇവരിൽ നിന്ന് ആയത് ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 30/1171 | മർക്കന്റൈൽ സഹകരണ നീതി ലബോറട്ടറി | ടെക്നീഷ്യൻസ് = 3<br>ട്രെയ്നീസ് = 3 |
| 2 | 17/601 | സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 30/1185/A-C | DDRC SRL ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കോതമംഗലം | ടെക്നീഷ്യൻസ് = 7<br>ഫ്രണ്ട് ഓഫീസ് = 2 |
| 4 | രേഖപ്പെടുത്തിയിട്ടില്ല | പീച്ചാട്ട് ഹൈടെക് ഡെന്റൽ ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 |
| 5 | രേഖപ്പെടുത്തിയിട്ടില്ല | ജീസസ് മെഡിക്കൽ ഡയഗ്നോസ്റ്റിക് സെന്റർ | ലാബ് ടെക്നീഷ്യൻ = 3<br>എക്സ് - റേ ടെക്നീഷ്യൻ = 3 |
| 6 | രേഖപ്പെടുത്തിയിട്ടില്ല | പീച്ചാട്ട് ആശുപത്രി കോതമംഗലം | ഡോക്ടർ = 1<br>നഴ്സ് = 1 |
| 7 | രേഖപ്പെടുത്തിയിട്ടില്ല | ബാബൂ's ഡെന്റൽ ക്ലിനിക്ക്, ഇലഞ്ഞിക്കൽ പ്ലാസ, ചെറിയപഴമ്പിള്ളിത്താഴം, കോതമംഗലം | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 8 | രേഖപ്പെടുത്തിയിട്ടില്ല | ഭാരത് ഡയഗ്നോസ്റ്റിക്ക് ലാബ് ചെറിയപഴമ്പിള്ളിത്താഴം, കോതമംഗലം | ടെക്നീഷ്യൻമാർ = 2 |
| 9 | രേഖപ്പെടുത്തിയിട്ടില്ല | ഫേസ് ക്ലിനിക്ക്, തെക്കിലക്കാട്ട് ബിൽഡിംഗ്, പാർക്ക് വ്യൂ ജംഗ്ഷൻ, കോതമംഗലം | ഡോക്ടർ = 2<br>മറ്റ് ജീവനക്കാർ = 2 |
| 10 | രേഖപ്പെടുത്തിയിട്ടില്ല | കെയർവെൽ ഡെന്റൽ ക്ലിനിക്ക്, ഒലിയപ്പുറം ഷോപ്പിംഗ് കോംപ്ലക്സ് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 |
| 11 | രേഖപ്പെടുത്തിയിട്ടില്ല | പൊട്ടയ്ക്കൽ ഹോമിയോപതിക് ക്ലിനിക്ക്, കറുകടം | ഡോക്ടർ = 1 |
| 12 | രേഖപ്പെടുത്തിയിട്ടില്ല | വെള്ളിയംപള്ളിൽ ഹോമിയോപതിക് മെഡിക്കൽ സെന്റർ, പള്ളിത്താഴം, കോതമംഗലം | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 13 | 23/172 | നീതി ലബോറട്ടറി | മറ്റ് ജീവനക്കാർ = 2 |
| 14 | 30/1205 | സൂര്യ ക്ലിനിക്കൽ ലബോറട്ടറി | മറ്റ് ജീവനക്കാർ = 1 |
| 15 | 30/119 | സ്മാർട്ട് മെഡിപ്ലസ് ഡയഗ്നോസ്റ്റിക്ക് സെന്റർ | ലാബ് ടെക്നീഷ്യൻ = 2 |
| 16 | 31/555/A Of B | സ്പെഷ്യലിസ്റ്റ് ലബോറട്ടറീസ് | ടെക്നീഷ്യൻ = 3 |
| 17 | 17/963,964 | മാർബേസിൽ ഹോമിയോ ക്ലിനിക്ക് | ഡോക്ടർമാർ = 1<br>നഴ്സ് = 2 |
| 18 | 30/230 | ഹോമിയോപതിക് മെഡിക്കൽ സെന്റർ | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 19 | 16/380 | ജെയിംസ് ഐ ക്ലിനിക്ക്, കുത്തുകുഴി | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 5 |
| 20 | 31/1032 | കൊച്ചുപറമ്പിൽ ഡെന്റൽ ക്ലിനിക്ക്, മുനിസിപ്പൽ ബസ് സ്റ്റാന്റ് , CCU ബിൽഡിംഗ്, കോതമംഗലം | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 21 | 30/1206 | ജീവൻ ലബോറട്ടറി | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 |
| 22 | രേഖപ്പെടുത്തിയിട്ടില്ല | ജൂലീ's ഡെന്റൽ ക്ലിനിക്ക്, ചെറിയപള്ളി ബിൽഡിംഗ്, | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 |

| | | | |
|---|---|---|---|
| | | കോതമംഗലം | |
| 23 | 31/1000 | ആനന്ദ് നഴ്സിംഗ് ഹോം, സിസി ബിൽഡിംഗ് മാർക്കറ്റ് റോഡ്, കോതമംഗലം | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 2 |
| 24 | രേഖപ്പെടുത്തിയിട്ടില്ല | എൽദൊരാദോ പുതുക്കുന്നത്ത് ഡെന്റൽ ക്ലിനിക്ക് , കോതമംഗലം | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 25 | 30/1234 | താഴത്തൂട്ട് ദന്താശുപത്രി | ഡോക്ടർമാർ = 1 |
| 26 | 30/933 | കോട്ടക്കൽ ഡെന്റൽ ക്ലിനിക്ക് | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 27 | 17/311 | യുണൈറ്റഡ് ഡെന്റൽ കെയർ | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 28 | 31/531,532,533 | ദേവി സ്കാൻ സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| 29 | 21/75/A | മാധവം ആയുർവേദ ക്ലിനിക്ക് | ഡോക്ടർമാർ = 1 |
| 30 | 31/542 | സെന്റ് ബേസിൽ ഫിസിയോ തെറാപ്പി സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| 31 | 31/523, 524 | Vadath ഡെന്റൽ ക്ലിനിക്ക് | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 32 | 31/103/A | അമ്പഴച്ചാലിൽ ഹോമിയോ കോതമംഗലം | ഡോക്ടർമാർ = 1 |
| 33 | 31/555/A&B | സ്പെഷ്യലിസ്റ്റ് ലബോറട്ടറീസ് | മറ്റ് ജീവനക്കാർ = 3 |
| 34 | 30/1034 | പള്ളിമാലിൽ ഡെന്റൽ ക്ലിനിക്ക് | ഡോക്ടർമാർ = 2<br>മറ്റ് ജീവനക്കാർ = 1 |
| 35 | രേഖപ്പെടുത്തിയിട്ടില്ല | ഡോ.ഭാസ്കരൻ മെമ്മോറിയൽ ക്ലിനിക്ക്, രാജീവ് ഗാന്ധി റോഡ് കോതമംഗലം | ഡോക്ടർമാർ = 2 |
| 36 | 25/5/D, 31/178/B | എബിൻ'സ് ഡെന്റൽ ക്ലിനിക്ക് | ഡോക്ടർമാർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 37 | 19/657 | സ്മൈൽ ഡെന്റൽ ക്ലിനിക്ക് | രേഖപ്പെടുത്തിയിട്ടില്ല |
| 38 | 17/776 | ദ ടൂത്ത് സെന്റർ ഡെന്റൽ ക്ലിനിക്ക് | ഡോക്ടർമാർ = 3<br>മറ്റ് ജീവനക്കാർ = 1 |
| 39 | 2/409/Q1 | JJ ഹെൽത്ത് കെയർ, കോതമംഗലം ബൈപാസ് റോഡ്, മലയിൻകീഴ് | ഡോക്ടർമാർ = 3<br>മറ്റ് ജീവനക്കാർ = 1 |

4) F.T.E.O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (21/27-4-2022) നല്കിയിരുന്നെങ്കിലും ഇവരിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി മറുപടിയിൽ ഇല്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ രേഖകളും ലഭ്യമായില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | TTC ദ ട്രാവൽ കമ്പനി | 17/302 K |
| 2 | മെന്റർ അക്കാഡമി, കോളേജ് ജംഗ്ഷൻ കോതമംഗലം | 30/180 |
| 3 | ഫൈൻഡ്രേ ഈ ഹബ്ബ്, (GST Suvidha NJN Enterprises Kendra) കോളേജ് ജംഗ്ഷൻ, കോതമംഗലം | 30/209 |
| 4 | വിംഗ്സ് അക്കാഡമി ഓഫ് ഏവിയേഷൻ & മാനേജ്മെന്റ് സ്റ്റഡീസ് | 30/216,30/217,30/218,30 /221A, 30/221B |
| 5 | യൂണിവേഴ്സൽ ടൂർസ് & ട്രാവൽസ്, Opposit Vimalagiri School Kothamangalam | 30/258 |
| 6 | S&S Travels , Kothamangalam | 30/292 |
| 7 | സൈകതം ബ്രിക്സ് LLP കോതമംഗലം | 30/295 |
| 8 | EAGL Motors വിമലഗിരി ബൈപാസ് കോതമംഗലം | 30/367, 368 |
| 9 | EVM ഓട്ടോമൊബൈൽസ്, തങ്കളം ബൈപാസ് റോഡ്, കോളേജ് ജംഗ്ഷൻ കോതമംഗലം | 30/533/A,B |
| 10 | KLM TIANA Gold & Diomonds Pvt.Ltd, MA College Road Kothamangalam | 30/564-O |

| | | |
|---|---|---|
| 11 | TIANA Gold & Diomonds, KLM Tower,college Road Kothamangalam | 30/564/M |
| 12 | ഡ്രീം മോട്ടോഴ്സ് കിഴക്കേടത്ത് ബിൽഡിംഗ്, കോതമംഗലം | 30/589 |
| 13 | APT Academy For Prerecruitment Training | 30/608,611 |
| 14 | നന്മ ഇൻഡ്യെൻ സർവീസസ് കോതമംഗലം | 30/631 |
| 15 | ബ്രൈറ്റ് ട്യൂഷൻ സെന്റർ | 30/641 |
| 16 | അനിൽ എം.ഡി ടാക്സ് കൺസൽട്ടന്റ് ഓഫീസ് | 30/647 |
| 17 | Fincomet Tax Cunsultancy & Academy Kothamangalam | 30/690 |
| 18 | I -Tex Education Centre Zion Tower, Kothamangalam | 30/715-716 |
| 19 | Inspire Academy & Consultancy Near Ann Theatre, Kothamangalam | 30/759 |
| 20 | Helvetia German Institute | 30/760 |
| 21 | ഏയ്ഞ്ചൽ സ്കൂൾ ഓഫ് മ്യൂസിക്, പോൾസൺ ബിൽഡിംഗ്, കോതമംഗലം | 30/776,777 |
| 22 | ജവഹർ സിനിമാ കോതമംഗലം | 30/781 A |
| 23 | EVM Talkies കോതമംഗലം | 30/781-B |
| 24 | Trip N Days Travel Agency തങ്കളം | 31/346 |
| 25 | BAPT Pre Recruitment Training Centre, PMS Arcade, Kothamangalam | 30/608,611 |
| 26 | A One Touchings & Snacks BAR, Kothamangalam | 30/842 |
| 27 | Sanguine Hollydays Tours & Travels | 30/610 |
| 28 | ജി - ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ,കോളേജ് റോഡ് കോതമംഗലം | 30/703,704 |
| 29 | ഗ്ലോബൽ എഡ്യൂ എഡ്യൂക്കേഷൻ കൺസൾട്ടൻസി കരിയർ കൌൺസിലിംഗ് | 30/182 |
| 30 | EVA റോഡ് വേയ്സ് | 30/1287 |
| 31 | പെരിങ്ങാട്ട് ഇലക്ട്രിക് മോട്ടോഴ്സ് | 30/568 |
| 32 | റൊസാരിയ അക്കാദമി കോച്ചിംഗ് സെന്റർ, കോതമംഗലം | 19/233,234 |
| 33 | DTDC കൊറിയർ സർവീസ്, കോതമംഗലം | 19/141 |
| 34 | ഹോട്ടൽ മരിയ ഇന്റർ നാഷ്ണൽ, കോതമംഗലം | 19/174, 19/79,80,81,82 |
| 35 | സാന്ത്വനം മെഡിക്കൽ ലാബ് | 19/820 |
| 36 | യുണൈറ്റഡ് കാഡ് ഇൻഫോ സൊല്യൂഷൻസ് | 19/789/J |
| 37 | Knwoltech Solutions Kothamangalam | 19/779/c |
| 38 | സോഫ്റ്റ് ലൂം ടെക്ക് കോതമംഗലം | 19/639 |
| 39 | APS പാർസൽ സർവീസ്, കോളേജ് റോഡ്, കോതമംഗലം | 19/586 |
| 40 | ടാലന്റ് കമ്പ്യൂട്ടർ സെന്റർ | 19/267 |
| 41 | The Blue Moon Residency Atlanta Complex, Kothamangalam | 2/423B,B2,D |
| 42 | IMAGINE Developers Building Construction Office, Cheriyapallithazham, Kothamangalam | 17/304/B |
| 43 | കോതമംഗലം നിധി ലിമിറ്റഡ്, നവരത്ന ബിൽഡിംഗ്, കോതമംഗലം | 17/302/L,E |
| 44 | Eduford Academy ചെറിയപള്ളിത്താഴം, കോതമംഗലം | 18/416/C,D |
| 45 | Mother Training Centre Tutorial College | 17/608 |
| 46 | ജോർജ്ജ് നെട്ടങ്ങാട്ട് ടാക്സ് കൺസൽട്ടൻസി ഓഫീസ്, ചേലാട്, കോതമംഗലം | 17/636 |
| 47 | ലോജിക്കൽ സൊല്യൂഷൻസ്, ഹൈറേഞ്ച് ജംഗ്ഷൻ, കോതമംഗലം | 17/759/A1 |
| 48 | Cloud 9 Hotel, Bar തങ്കളം, കോതമംഗലം | 31/500,501,502,503,504 |

| | | |
|---|---|---|
| 49 | സുപ്രീം അസോസിയേറ്റ്സ് കൊറിയർ സർവീസ് | 31/329 |

5) 2019-20 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (21/27-4-2022)നല്കിയിരുന്നെങ്കിലും ഇവരിൽ നിന്ന് ആയത് ഈടാക്കിയിട്ടുള്ളതായി രേഖകൾ ലഭ്യമാക്കിയില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

6) മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി ഈടാക്കി രേഖപ്പെടുത്തേണ്ട രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

7) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

8) ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിൽ സ്ഥാപനം അടവാക്കിയ തൊഴിൽ നികുതിയുടെ ആകെ തുക മാത്രമാണ് രേഖപ്പെടുത്തുന്നത്. തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച് സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേൺ ക്രമമായി സൂക്ഷിക്കാത്തതിനാൽ തൊഴിൽനികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ എല്ലാ സ്ഥാപനങ്ങളുടേയും റിട്ടേണുകൾ സൂക്ഷിച്ചിട്ടുണ്ടോ എന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി സ്ഥാപനങ്ങൾ സമർപ്പിച്ച എല്ലാ റിട്ടേണുകൾ പ്രകാരമുള്ള വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കാനായില്ല. തൊഴിൽ നികുതി ഇനത്തിൽ വൻവരവുള്ള നഗരസഭയിൽ ഇത്തരത്തിൽ തൊഴിൽ നികുതി രേഖകകൾ കൈകാര്യം ചെയ്യുന്നത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് സ്ഥാപനത്തിൽ പരിശോധന നടക്കുന്നില്ല എന്ന് വ്യക്തമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററിലെ ക്രമ പ്രകാരം തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച് സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകൾ സൂക്ഷിക്കേണ്ടതുമാണ്.

9) സ്ഥാപന തൊഴിൽനികുതി രജിസ്റ്ററിൽ ഡി സി ബി വിവരങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ആകെ കളക്ഷനും രേഖപ്പെടുത്തിയിട്ടില്ല. ഡി സി ബി വിവരങ്ങൾ രേഖപ്പെടുത്താതെ വാർഷിക ധനകാര്യ പത്രികയിൽ വിവരങ്ങൾ ചേർക്കുന്നത് ശരിയായ നടപടിയല്ല. ഡി സി ബി വിവരങ്ങൾ കൃത്യമായി കണക്കാക്കി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-17 റസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാതെ വാട്ടർ അതോറിറ്റിക്ക് റോഡ് കട്ടിംഗ് അനുമതി നൽകി

കോതമംഗലം നഗരസഭയിലെ സിഎസ്റ്റി കോൺവെന്റ് മുതൽ ഇലവുംപറമ്പ് വരെയുള്ള 413 മീറ്റർ നഗരസഭ റോഡ് കട്ട് ചെയ്ത് 300 Mm D1 പൈപ്പ് സ്ഥാപിക്കുന്നതിന് 31.08.2019ലെ PHS1- 12/08 നം. കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ കോതമംഗലം പിഎച്ച് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1276405.41/-രൂപ റസ്റ്റോറേഷൻ ചാർജ് എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭയിൽ അടക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഫണ്ട് റിക്വസ്റ്റ് നൽകിയിട്ടുണ്ടെങ്കിലും, മേലാഫീസിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാൽ ട്രഞ്ചിംഗ് നടത്തുന്നതു മൂലം തകരാറിലാകുന്ന റോഡിന്റെ ഭാഗം കേരള വാട്ടർ അതോറിറ്റിയുടെ സ്വന്തം ചെലവിൽ കോൺക്രീറ്റ് ചെയ്ത് പുനസ്ഥാപിച്ചുകൊള്ളാം എന്ന വ്യവസ്ഥയിൽ റോഡ് കട്ടിംഗിന് അനുമതി നൽകണമെന്ന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. വാട്ടർ അതോറിറ്റിയുടെ ആവശ്യം പരിഗണിച്ച് റസ്റ്റോറേഷൻ പ്രവർത്തികൾ വാട്ടർ അതോറിറ്റി നടത്തണമെന്ന വ്യവസ്ഥയിൽ നഗരസഭ കൗൺസിലിന്റെ 22.10.2019ലെ 18-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

കേരള വാട്ടർ അതോറിറ്റിക്ക് സിഎസ്റ്റി കോൺവെന്റ് മുതൽ ഇലവുംപറമ്പ് വരെയുള്ള റോഡ് കട്ട് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിൽ താഴെ കൊടുക്കുന്ന അപാകതകളുണ്ട്.

1) പൊതുമരാമത്ത് വകുപ്പിന്റേയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും റോഡുകളിൽ കേബിൾ/പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, റോഡ് റസ്റ്റോറേഷൻ ഫീസ് ഈടാക്കുന്നതിനും സർക്കാർ കാലാകാലങ്ങളിൽ മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയ മേൽ സൂചിപ്പിച്ച റോഡ് കട്ടിംഗ് പ്രവർത്തിക്ക് 30.03.2019ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരമുള്ള റസ്റ്റോറേഷൻ നിരക്കുകൾ ബാധകമാണ്. ആയതിനാൽ, സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാതെ വാട്ടർ അതോറിറ്റിക്ക് റസ്റ്റോറേഷൻ ചാർജ് ഒഴിവാക്കി റോഡ് കട്ടിംഗ് അനുമതി നൽകിയത് മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്.

2) റോഡ് കട്ടിംഗ് അനുമതി നൽകിയ ശേഷം റോഡ് കട്ടിംഗ് നടത്തിയതിന്റേയും, വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതിന്റെയും, ട്രഞ്ചിംഗ് നടത്തിയ ശേഷം റോഡിനുണ്ടായ കേടുപാടുകൾ പുനസ്ഥാപിച്ചതിന്റെയും തുടർനടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.37/03.05.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, റോഡ് കട്ട് ചെയ്ത് പൈപ്പ് സ്ഥാപിച്ച ശേഷം ട്രഞ്ചിംഗ് നടത്തിയതു മൂലമുള്ള റോഡിന്റെ തകരാറുകൾ കരാർ കാലാവധിക്കുള്ളിൽ പുനസ്ഥാപിച്ചതിന്റെ വിവരങ്ങളും, നഗരസഭ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്ഥല പരിശോധന റിപ്പോർട്ടും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 റോഡ് കട്ടിംഗ് അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ റോഡുകളിൽ റോഡ് കട്ടിംഗ് നടത്തി കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം 2018-19 വർഷത്തിൽ 3 അപേക്ഷകൾ നൽകിയിട്ടുണ്ട്. എന്നാൽ, നഗരസഭ മേൽ സൂചിപ്പിച്ച അപേക്ഷകളിൽ അനുമതി നൽകുകയോ, നിരസിക്കുകയോ ചെയ്ത് നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാത്തതിന് ബന്ധപ്പെട്ട അപേക്ഷകരും നഗരസഭയെ ബന്ധപ്പെട്ടിട്ടില്ല. അപേക്ഷയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷ നം./തിയതി | റോഡ് കട്ടിംഗ് നടത്താനുദ്ദേശിക്കുന്ന റോഡിന്റെ പേര് | ദൂരം | എസ്റ്റിമേറ്റ് പ്രകാരം റോഡ് റസ്റ്റോറേഷൻ ചാർജ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1) | RJILOFC /ROWNLD/4B-LM /Kthamangalam/MC/ 7362//06.07.18 | ബൈപ്പാസ്-ബ്ലോക്ക് ഓഫീസ് റോഡ് | 1134.06 മി. | 2906774/- | നഗരസഭ കൗൺസിലിന്റെ 14.03.2019ലെ 5-ാം നമ്പർ തീരുമാനം പ്രകാരം വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് മാറ്റിവെച്ചു. |
| 2) | RJILOFC/ROWNLD /4B-LM/ Kthamangalam/MC /7681/12.10.18 | മിനിപ്പടി-ടവർലൈൻ റോഡ് | 192 മി. | 912423/- | നഗരസഭ കൗൺസിലിന്റെ 14.03.2019ലെ 5-ാം നമ്പർ തീരുമാനം പ്രകാരം വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് മാറ്റിവെച്ചു. |

| | | | | | |
|---|---|---|---|---|---|
| 3) | RJILOFC/ROWNLD /4B-LM/ Kthamangalam/MC /8341/22.03.19 | മാർക്കറ്റ് റോഡ് | 1000 മി. | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല | റോഡിന്റെ തരം, റോഡ് കട്ടിംഗ് ദൂരം എന്നിവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദേശിച്ചിട്ടുണ്ട്. |

ടെലികോം കമ്പനികൾക്ക് റോഡുകളിൽ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, റോഡ് റസ്റ്റോറേഷൻ ഫീസ് ഈടാക്കുന്നതിനും സർക്കാർ കാലാകാലങ്ങളിൽ മാർഗ്ഗ നിർദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നുണ്ട്.. ഈ സാഹചര്യത്തിൽ റോഡ് കട്ടിംഗ് അനുമതിക്ക് അപേക്ഷ നൽകിയിട്ടും, വിഷയത്തിൽ സമയബന്ധിതമായി തീരുമാനം എടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (എൻക്വയറി നം. 36/03.05.2022) മറുപടി ലഭിച്ചില്ല.

നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശമായ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഈടാക്കാവുന്ന റസ്റ്റോറേഷൻ ചാർജ്ജുകൾ നഗരസഭാ ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാത്തത് നഗരസഭയുടെ വീഴ്ച്ചയാണ്. ആയതിനാൽ, മേൽ സൂചിപ്പിച്ച അപേക്ഷകളിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നിട്ടും, ബന്ധപ്പെട്ട സ്ഥാപനങ്ങൾ നാളിതുവരെയായും നഗരസഭയെ ബന്ധപ്പെടാത്ത സാഹചര്യത്തിൽ അപേക്ഷകളിൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ റോഡ് കട്ട് ചെയ്ത് കേബിൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് | പുതിയ ഉറന്ന കിണർ, 200/20 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 735000(സി.എഫ്.സി) |
| ചെലവ്(ബിൽ നം.തീയതി) | 1) 48432/-(440/27.03.2020)<br>2) 30000/-(217/15.01.2020)<br>3) 73057/-(366/12.03.2020)<br>4) 30000/-(217/15.01.2020) |
| ഫയൽ നമ്പർ | എച്ച് 1-17603/18 |

നഗരസഭയിൽ പുതിയ ഉറന്ന കിണർ സ്ഥാപിക്കുന്നതിനായി സ്പിൽ ഓവറായി നടപ്പാക്കിയ പ്രോജക്ടാണിത്. ആയത് പ്രകാരം 15 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ എൽ എസ് ജി ഡി എഞ്ചിനിയറിംഗ് വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മേൽ രേഖകൾ നൽകിയിട്ടുണ്ടെങ്കിൽ ആയവ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.05/19.04.2022) നൽകിയതിന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട ഫയലുകളാണ് ഹാജരാക്കിയത്. ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, എൽ എസ് ജി ഡി എഞ്ചിനിയറിംഗ് വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-തുക വിതരണം ചെയ്തതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്, 364/20 |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ |
| അടങ്കൽ | 1435300 |

| | |
|---|---|
| ചെലവ് വിവരം | 1) 288/20.02.20-450000<br>2) 468/30.03.20-48000<br>3) 469/30.03.20-48000<br>4) 470/30.03.20-48000 |

നഗരസഭയിലെ 31 വാർഡുകളിൽ നിന്നും മാലിന്യം ഹരിത കർമ്മസേന മുഖേന ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എല്പിക്കുകയും ആയത് ജൈവ വളമാക്കി മാറ്റുകയും അത് വീടുകളിൽ വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഓരോ വാർഡിലും പ്രവർത്തിക്കുന്ന ഹരിതകർമ്മസേന എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന ഭവനങ്ങളിൽ/കടകളിൽ നിന്ന് ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ ഓരോ ഗുണഭോക്താവിൽ നിന്നും 50/-രൂപ നിരക്കിൽ നേരിട്ട് യൂസർ ഫീസ് ഈടാക്കുന്നു. ഹരിത കർമ്മ സേന നൽകുന്ന ലിസ്റ്റ് പ്രകാരം സേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും 300/-രൂപ വീതം പ്രതിദിനം അനുവദിച്ച് നൽകിയിട്ടുണ്ട്. 33 ഹരിത കർമ്മ സേനാംഗങ്ങൾക്കാണ് 5,94,000/-രൂപ വിതരണം ചെയ്തിട്ടുള്ളത്.

എന്നാൽ ഇത്തരത്തിൽ ഹരിത കർമ്മ സേനാംഗങ്ങൾക്ക് 300/-രൂപ വീതം പ്രതിദിനം അനുവദിച്ച് നൽകുന്നതിന് അടിസ്ഥാനമായ ഉത്തരവുകൾ നിലവിലില്ല. സ.ഉ(സാധാ)നം.2420/2017/ത.സ്വ.ഭ.വ, തീയതി 05.07.2017 ഉത്തരവ് പ്രകാരം കിച്ചൺ ബിൻ എന്ന ഉപാധി ഉപയോഗിച്ച് മാലിന്യം സംസ്കരിക്കുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം കൊണ്ട് പച്ചക്കറി കൃഷി ചെയ്യുകയാണെങ്കിൽ പ്രതിരോധശേഷിയ്ക്കാവശ്യമായ ഇനോക്കുലം ഹരിത കർമ്മ സേനാംഗം വിതരണം ചെയ്യണമെന്നും, ആഴ്ചയിൽ ഒരു തവണയെങ്കിലും വീട് സന്ദർശിച്ചിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് ഫീസായി ഹരിത കർമ്മ സേനാംഗത്തിന് പ്രതിമാസം 300/-രൂപ വീതം നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് പകരം പ്രതിദിനം 300/-രൂപ വീതം ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകിയത് ശരിയായ നടപടിയല്ല.

2019-20 ൽ രസീത് ബുക്കുകൾ ഉപയോഗിച്ച് 1,21,190/-രൂപ വിവിധ കടകളിൽ/വീടുകളിൽ നിന്നും പിരിച്ചെടുക്കുകയും ഹരിത കർമ്മ സേനയുടെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ 337602010026405 അക്കൌണ്ടിൽ അടയ്ക്കുയും ചെയ്തിട്ടുണ്ട്. എന്നാൽ യൂസർ ഫീസ് ഈടാക്കുന്നതിന്റെ രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.15/26.04.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കൌൺസിൽ തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് ഹരിത കർമ്മ സേനാംഗങ്ങൾക്ക് 300/-രൂപ വീതം പ്രതിദിനം അനുവദിച്ച് നൽകിയതെന്ന് വിശദീകരിക്കുകയുണ്ടായി. സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ തുക ചെലവഴിക്കേണ്ടതിന് പകരം കൗൺസിൽ തീരുമാന പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾക്ക് 300/-രൂപ വീതം പ്രതിദിനം നൽകിയത് ശരിയായ നടപടിയല്ല. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നതുവരെ ഈയിനത്തിൽ ചെലവ് ചെയ്തിട്ടുള്ള 5,94,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ശുചിത്വമിഷൻ ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയില്ല

നഗരസഭയുടെ 31 വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണത്തിനായി 11.06.2019 ൽ 864019ാം നമ്പർ ചെക്ക് പ്രകാരം, 3,10,000/- രൂപ നഗരസഭയുടേയും, താലൂക്ക് ഹോസ്പിറ്റൽ കോതമംഗലം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ പേരിൽ നല്കിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 27.04.2022 ൽ നല്കിയ 28ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ ഫണ്ടിൽ നിന്ന് അനുവദിച്ച 3,10,000/- രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് റിക്കുപ്പ് ചെയ്തിട്ടുള്ള വിവരം ഓഡിറ്റിന് ഹാജരാക്കുകയും ജെ.എച്ച്.ഐ മാർ വഴി ചെലവഴിച്ച തുകയുടെ ചെലവ് വൗച്ചർ ഓഡിറ്റിന് ഹാജരാക്കിയുമില്ല. ആയതിനാൽ പ്രസ്തുത ചെലവിന്റെ ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 3,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ആർഎംഎസ്എ ഗ്രാന്റ് വിനിയോഗിച്ചില്ല

2019-20 വാർഷികധനകാര്യപത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം Development Fund Special Grant Capital (320200106) എന്ന ഹെഡ്ഡിൽ 9,02,538/-രൂപ നീക്കിയിരിപ്പായി ചേർത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആർ എം എസ് എ പദ്ധതിയിൽ മാതിരപ്പിള്ളി ഗവ. വി എച്ച് എസ് എസിന് ലഭിച്ച തുകയാണ്. ടി

തുക 2019-20 വർഷത്തിലും ചെലവഴിച്ചിട്ടില്ല. തുക വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/26.04.2022) ഗ്രാന്റ് തുക ചെലവഴിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റ് തുക സമയ ബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 അനുപൂരക പോഷകാഹാര പദ്ധതി-അനർഹമായി.ജി.എസ്.ടി നല്കി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ് 0011/19-20,<br>അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ, ഫണ്ട്, ചെലവ് | 2000000,വികസന ഫണ്ട് (പൊതുവിഭാഗം) 1999894<br>1500000 കേന്ദ്രഫണ്ട് 1499775<br>ആകെ അടങ്കൽ 3500000<br>ആകെ ചെലവ് 3499669 |
| ബിൽ നം., തീയതി ചെലവ് | 03/19, 25.05.2019, 192234<br>05/19, 22.06.2019. 588935<br>07/19, 17.07.2019. 695324<br>09/19, 24.07.2019, 42797<br>14/19, 23.10.2019, 11339<br>18/19, 12.11.2019. 357879<br>26/19, 24.12.2019, 31949<br>27/19, 24.12.2019, 79437<br>തീ. 20.03.2020ചെക്ക് നം.2881759, തുക 63468<br>തീ. 07.03.2020ചെക്ക് നം.2881755 തുക 613191<br>തീ. 24.03.2020 ചെക്ക് നം.<br>1250698 തുക 823098 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2019-20 വർഷത്തെ കോതമംഗലം നഗരസഭയിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലും അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് വെങ്ങോല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് (Common Facility Centre Vengola). കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.06.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.06.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ കോതമംഗലം നഗരസഭയിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | ബിൽ തുക | ചുമത്തിയ 5% ജി.എസ്.ടി |
|---|---|---|---|
| 1 | 15/27.04.19 | 96530 | 4826 |
| 2 | 1149/ 29.03.19 | 83370 | 4168 |

| | | | |
|---|---|---|---|
| 3 | 28/30.05.19 | 81480 | 4074 |
| 4 | 88/30.09.19 | 90650 | 4532 |
| 5 | 71/31.08.19 | 71820 | 3592 |
| 6 | 57/30.07.19 | 81060 | 4052 |
| 7 | 103/31.10.19 | 74340 | 3176 |
| 8 | 154/12.03.2020 | 99960 | 4998 |
| 9 | 108/30.11.2020 | 109760 | 5488 |
| 10 | 123/31.12,2019 | 82110 | 4106 |
| | ആകെ | 871080 | 43014 |

അങ്കണവാടി ഭക്ഷണ വിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം നഗരസഭ ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 17.06.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28.06.2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 27.04.2022 ൽ നല്കിയ 24ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി വകുപ്പിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ ജി.എസ്.ടി നല്കുന്നതിന് തടസ്സമില്ലയെന്ന് വനിത ശിശു വികസന ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ പരാമർശിത ഉത്തരവ് പ്രകാരം അങ്കണവാടി പോഷകാഹാര വിതരണത്തെ ജി.എസ്.ടിയിൽ നിന്ന് ഒഴിവാക്കിയിട്ടിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത ജി.എസ്.ടി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കേണ്ടതും ആയത് ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

## 1-24 പെൻഷൻ ഫണ്ട്

2019-20 സാമ്പത്തിക വർഷം റഗുലർ, കണ്ടിജന്റ് പെൻഷൻ വിതരണത്തിനായി താഴെപ്പറയും പ്രകാരം തുക ചെലവുവന്നിട്ടുണ്ട്.

| മാസം | റെഗുലർ പെൻഷൻ | കണ്ടിജന്റ് പെൻഷൻ |
|---|---|---|
| ഏപ്രിൽ 2019 | 861316 | 300271 |
| മെയ് 2019 | 902214 | 322661 |
| ജൂൺ 2019 | 902214 | 335632 |
| ജൂലൈ 2019 | 902214 | 338032 |
| ആഗസ്റ്റ് 2019 | 902841 | 338032 |
| സെപ്റ്റംബർ 2019 | 904714 | 338032 |
| ഒക്ടോബർ 2019 | 905707 | 338032 |
| നവംബർ 2019 | 919174 | 338032 |
| ഡിസംബർ 2019 | 919474 | 346492 |
| ജനുവരി 2020 | 919474 | 346492 |
| ഫെബ്രുവരി 2020 | 919174 | 346492 |
| മാർച്ച് 2020 | 907918 | 346492 |
| ആകെ | 10866734 | 4034692 |

റഗുലർ പെൻഷൻ വിതരണത്തിനായി 2019-20 സാമ്പത്തിക വർഷം 1,08,66,734/- രൂപ ചെലവഴിച്ചെങ്കിലും, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ലഭിച്ച തുക 2607388/- (16.02.2019 ൽ ലഭിച്ചത്) രൂപ മാത്രമാണ്.

വാർഷികധനകാര്യ പത്രികയുടെ B15 ഷെഡ്യൂളിൽ Other Receivables ഹെഡ് പ്രകാരം 72296237/-

(തൻവർഷം - 14782185/-, 57514052/-) രൂപ നഗരസഭക്ക് ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. നഗരകാര്യ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ലഭിക്കാത്ത സാഹചര്യത്തിൽ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച വകയിൽ നഗരസഭക്ക് ലഭിക്കാനുള്ള തുകയാണിത്.

മാർച്ച് 2022 ലെ കണക്ക് അനുസരിച്ച് നഗരസഭയിൽ 44 പെൻഷൻകാരും 10 ഫാമിലി പെൻഷൻകാരുമുൾപ്പെടെ 54 റെഗുലർ പെൻഷൻകാരും, 28 കണ്ടിജന്റ് പെൻഷൻകാരും ഉണ്ട്. 08.07.2019 തീയതിയിൽ എ6 (എ2)-201/93(Vol.II) നമ്പരായി നഗരകാര്യ ഡയറക്ടർക്ക് അയച്ച കത്തിൽ നഗരസഭാ സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നത്, 31.03.2020 വരെ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 7,22,96,237/-രൂപ അനുവദിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി നഗരസഭാ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ അടവാക്കിയ തുക 10,11,652/- രൂപയാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം ജൂൺ 2019 മുതൽ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

## 1-25 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - നഗരസഭക്ക് വൻബാധ്യത

നഗരസഭയുടെ 2019 മാർച്ച് മാസം വരെയുള്ള പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ബില്ലിൽ 2,02,76,389/- രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ മാസം 7884/-രൂപ നിരക്കിൽ 57 പൊതു ടാപ്പുകളാണ് ബിൽ പ്രകാരം ഉണ്ടായിരുന്നത്. നഗരസഭയിലെ പൊതു ടാപ്പുകളുടെ മാർച്ച് 2022 വരെയുള്ള വെള്ളക്കര കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കുടിശ്ശികയുടെ തിയ്യതി. | ബിൽ തുക | പിഴ | ആകെ | ടാപ്പുകളുടെ എണ്ണം | ഒരു ടാപ്പിന്റെ വാർഷിക നിരക്ക് |
|---|---|---|---|---|---|
| 31.3.2019 | 19886300 | 390089 | 20276389 | 57 | 7884 |
| 31.3.2020 | 18018285 | 353447 | 18371732 | 56 | 7884 |
| 31.3.2021 | 23238885 | 455850 | 23694735 | 55 | 8278 |
| 31.3.2022 | 29826857 | 585074 | 30411931 | 51 | 8692 |

ഇത്രയും ഭീമമായ തുക അടവാക്കുന്നതിന് നഗരസഭ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 27.04.2022 ൽ നല്കിയ 27ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 2009-10 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ സർക്കാർ കോതമംഗലം നഗരസഭയ്ക്ക് അനുവദിച്ചിരുന്ന വികസന ഫണ്ട് (പൊതുവിഭാഗം), മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നീയിനങ്ങളിൽ നിന്നും വെള്ളക്കരമിനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. സോഴ്സിൽ നിന്നും കുറവ് വരുത്തിയ തുക കിഴിച്ചുള്ള ഡിമാന്റ് തുകയാണോ നിലവിൽ ഡിമാന്റ് നോട്ടീസ് പ്രകാരം മൂവാറ്റുപുഴ വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് നല്കുന്നതെന്ന് വ്യക്തത വരുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴയ്ക്ക് 02.06.2021, 20.10.2021, 06.12.2021 എന്നീ തീയതികളിൽ A6-2899/12ാം കത്ത് നല്കിയിട്ടുണ്ടെന്നും, ടി കത്ത് പരിഗണിച്ച് നരഗസഭയ്ക്ക് ഒറ്റത്തവണ തീർപ്പാക്കലിൽ അനുവദിച്ച് നല്കിയാൽ കുടിശ്ശിക തീർപ്പാക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ചൂണ്ടിക്കാട്ടി കേരള വാട്ടർ അതോറിറ്റിയുടെ വകുപ്പ് തലവനും (അക്കൗണ്ട് മെമ്പർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം) കത്ത് നൽകിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ച മറുപടി ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴയുമായി ഈ വിഷയം സംബന്ധിച്ച് വീണ്ടും 18.02.2022 ൽ RO/2/PHDN0MUPA-1ാം നമ്പർ കത്ത് പ്രകാരം ഇടപെടൽ നഗരസഭ നടത്തിയെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നും മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് കുടിശ്ശിക തുക ഒടുക്കാമെന്നും അറിയിച്ചിട്ടുണ്ട്. മറുപടി പ്രകാരം 2010-11 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ സർക്കാർ കോതമംഗലം നഗരസഭയ്ക്ക് അനുവദിച്ചിരുന്ന വികസന ഫണ്ട് (പൊതുവിഭാഗം), മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നീയിനങ്ങളിൽ നിന്നും

വെള്ളക്കരമിനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും 2018-19 2019-20, 2020-21, 2021-22 വർഷങ്ങളിലെ വാട്ടർ ബില്ലുകളിൽ ഈ കുറവുകൾ വന്നതായും കാണുന്നില്ല. ആയതിനാൽ, പ്രസ്തുത തുക കുറവ് വരുത്തേണ്ടതും ആ കാലയളവിൽ കുടിശ്ശിക തുകയിൽ പലിശയായി വാട്ടർ അതോറിറ്റി തുക വസൂലാക്കിയിട്ടുണ്ടെങ്കിൽ ആയതും കുറവ് ചെയ്തായിരിക്കണം ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള തുക നിശ്ചയിക്കേണ്ടത്. എത്രയും വേഗത്തിൽ വാട്ടർ അതോറിറ്റി അധികൃതരുമായി നെഗോഷിയേൻ നടത്തേണ്ടതും ഒറ്റത്തവണ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ 2019-20 കാലയളവിൽ പ്രതിമാസം അടവാക്കേണ്ട വെള്ളക്കരം അടവാക്കിയതായും കാണുന്നില്ല. നിലവിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ വെള്ളക്കരം അടവാക്കാതിരുന്നാൽ ആയത് നഗരസഭക്ക് ബാദ്ധ്യതയാകുന്നതാണ്. 31.3.2022 ലെ പിഴ മാത്രം 5 ലക്ഷത്തിലധികമാണ്. വെള്ളക്കര കുടിശ്ശികയിനത്തിൽ വരുന്ന പിഴ ആവർത്തന നഷ്ടമായതിനാൽ ഈ കാര്യത്തിലും തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25-1 സംയുക്തപരിശോധന നടത്തിയില്ല

പൊതു ടാപ്പുകളിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്തുന്നതിനായി ഒരു സംയുക്ത പരിശോധന നടത്തുന്നതിനായി മുനിസിപ്പാലിറ്റി വാട്ടർ അതോറിറ്റിയെ സമീപിച്ചെങ്കിലും ആയത് നാളിതുവരെ നടന്നതായി കാണുന്നില്ല. 2018-19, 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ബില്ലുകൾ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം യഥാക്രമം 57, 56, 55, 51 എന്നിങ്ങനെ വ്യത്യസ്തമായാണ് കാണിച്ചിട്ടുള്ളത്. ആയതിന്റെ കാരണവും വ്യക്തമല്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.46/4.5.22) മറുപടിയിൽ ടാപ്പുകളുടെ എണ്ണവും സംയുക്ത പരിശോധനയും സംബന്ധിച്ച് മൂവാറ്റുപുഴ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, തിരുവനന്തപുരം കെ.ഡബ്ല്യു.എ അക്കൗണ്ടസ് മെമ്പർക്കും സെക്രട്ടറി കത്തുകൾ നൽകിയിട്ടും മറുപടിയൊന്നും ലഭിച്ചിട്ടില്ലായെന്നാണ് അറിയിച്ചത്. ഈ സാഹചര്യത്തിൽ വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറോടോ, ബന്ധപ്പെട്ട മറ്റ് മാർഗ്ഗങ്ങളിലൂടെയോ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഭവന വായ്പയായി നല്കിയ തുക തിരികെ ഈടാക്കിയില്ല

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ (Loand And Advances And Deposits) ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ 460100100 ഹെഡിൽ Housing Loan To Employees ൽ 62,140/-രൂപ ആസ്തിയായി കാണിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 27.04.2022 ൽ നല്കിയ 26ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിൽ 1995-96 കാലഘട്ടത്തിൽ യു.ഡി ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ശിവശങ്കര വീര ശൈവൻ എന്ന വ്യക്തിക്ക് നല്കിയ ഭവന നിർമ്മാണ വായ്പയുടെ തിരിച്ച് അടവാക്കുവാൻ ബാക്കി നില്ക്കുന്ന തുകയാണെന്നും ടിയാൻ പിന്നീട് കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറിയാവുകയും നിർബന്ധിത പെൻഷൻ പറ്റി പിരിയുകയായിരുന്നുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തുക തിരികെ അടവാക്കുന്നതിനായി നഗരസഭയിൽ നിന്ന് വിവിധ തീയതികളിൽ കത്ത് നല്കിയിട്ടുള്ളതും 23.03.2012 ൽ നല്കിയ കത്തിന് 18.04.2012ൽ പലിശ ഇളവ് അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളതും ആയതിന് 20.06.2012ലെ 18ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 03/2012 തീയതി വരെയുള്ള പലിശ സർക്കാർ അനുമതിക്ക് വിധേയമായി ഇളവ് ചെയ്യാൻ തീരുമാനിക്കുകയും ആയതിന്റെ അനുമതിക്കായി 20.08.2012, 28.11.2013 എന്നീ തീയതികളിൽ G1-4725/94 നമ്പർ കത്ത് സർക്കാരിലേക്ക് നല്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹു.നഗരകാര്യ ഡയറക്ടറുടെ 13.12.2017 ലെ E2-6045/17ാം നമ്പർ കത്ത് പ്രകാരം ടിയാന്റെ ഭവന നിർമ്മാണ വായ്പ ടിയാനിൽ നിന്ന് തിരികെ ഈടാക്കി നഗരസഭ ഫണ്ടിലേക്ക് അടവാക്കുന്നതിനായി നഗരസഭയുടെ അക്കൗണ്ട് വിവരങ്ങൾ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് നല്കിയെങ്കിലും തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇദ്ദേഹത്തിന് അനുവദിച്ച ഭവന വായ്പയുടെ തിരികെ അടവാക്കുവാനുള്ള 62140/-രൂപ ഇദ്ദേഹത്തിൽ നിന്ന് നിയമാനുസൃതമായ പലിശ സഹിതം ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-27 മരാമത്ത് ബില്ലിൽ നിന്ന് ജി.എസ്.ടി കിഴിവ് വരുത്തിയില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 01.07.2017 ന് ശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ നൽകുമ്പോൾ അന്തിമ ബിൽ തുകയിൽ നിന്നും 2% ജി.എസ്.ടി കിഴിവ് വരുത്തേണ്ടതും ടി തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ സെൻട്രൽ ടാക്സസ് ഡിപ്പാർട്ട്മെന്റിൽ അടവ് വരുത്തേണ്ടതുമാണ് എന്ന നിർദ്ദേശമുണ്ട്. എന്നാൽ നഗരസഭയിലെ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി. ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | പാറക്കടവ് കുളിക്കടവ്, ഒറ്റക്കണ്ടം കുളിക്കടവ് എന്നിവയുടെ നിർമ്മാണം- വാർഡ് -21,227/20 |
| പദ്ധതി അടങ്കൽ | 850000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | എ കെ വർക്കി |
| അളവ് പുസ്തകം | 64/17-18 |
| എഗ്രിമെന്റ് തീയതി | 29/06.10.2017 |
| വൌച്ചർ നം/ തീയതി&തുക | 41/19-20,11.06.2019,778968 |

അന്തിമ ബിൽ പ്രകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 778968 |
| (-) ഐ.ടി 1% | 7790 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമ നിധി 1% | 7790 |
| കരാറുകാരന് നൽകിയ തുക | 763388 |
| (-) ജി.എസ്.ടി ഇനത്തിൽ കുറയ്ക്കേണ്ട തുക 2% | 15579 |

നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.റ്റി.തുക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.17/26.04.2022) നൽകിയതിന് ലഭിച്ച മറുപടിയിൽ നഗരസഭകളിൽ ജി.എസ്.ടി ബാധകമാക്കി ഉത്തരവ് വന്നത് 01.10.2018 ലാണ് എന്നാണ് വിശദീകരിച്ചത്. 01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 01.07.2017 ന് ശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിന്മേൽ ഈടാക്കേണ്ട 2% ജി.എസ്.ടി കിഴിച്ചിട്ട് വേണം കരാറുകാരന് അന്തിമ ബിൽ തുക നൽകേണ്ടതെന്ന് വിശദീകരിച്ചു. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ അടയ്ക്കേണ്ട തുകയായ 15579/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഹെഡിൽ അടയ്ക്കേണ്ടതാണ്.

## 1-28 ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് | 221/20, ഗോമേന്തിപ്പടി - വാളാടിത്തണ്ട് ബ്രാഞ്ച് റോഡ് റീടാറിംഗ് - വാർഡ് -9 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | ബിജുമോൻ പി. എ. |
| അളവു പുസ്തകം | 90/18-19 |
| ചെലവ് വിവരം | 22/19-20. തുക 1,97,644/- |

നഗരസഭയിലെ ഗോമേന്തിപ്പടി - വാളാടിതണ്ട് ബ്രാഞ്ച് റോഡ് റീ ടാറിംഗിനു വേണ്ടി ആവിഷ്കരിച്ച മേൽ പ്രോജക്ടിൽ ആകെ 1701 കിലോഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തുന്ന റോഡ് ടാറിംഗ് വർക്കുകൾക്ക് ഒറിജിനൽ ബില്ലുകൾ ഹാജരാക്കേണ്ടതാണെന്ന് ജി.ഒ(പി)306/2016 ധനം. 15.07.2016 ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി

(നം.18/26.04.2022) നൽകിയതിന് ലഭിച്ച മറുപടിയിൽ കരാറുകാരനോട് ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുകയുണ്ടായി. ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുകയുണ്ടായി. ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-29 ഉപയോഗിച്ച ബിറ്റുമെന്റെ കാലിവീപ്പയുടെ വില കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല

2019-20 വർഷം കോതമംഗലം നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ -VG30, RS1 & SS1- നുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ചുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വിലയായ 238/-രൂപ + 18% ജി.എസ്.ടി കുറവു ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ പേര് / ഫയൽ നമ്പർ | ആകെ പ്രവൃത്തി മൂല്യം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഉപയോഗിച്ച ആകെ ബാരലുകളുടെ എണ്ണം (അളവ് പുസ്തകം പ്രകാരം) | അളവു പുസ്തകം | നല്കിയ തുക | ഈടാക്കേണ്ട തുക 238/ ബാരൽ +18% GST | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|---|---|
| 1 | S299/19 10- ാം വാർഡിലെ ഗോമേന്തപ്പടി -മാളികക്കണ്ടം റോഡ് റീടാറിംഗ് PW1- 13507/18 | 5,80,001 | SS-1 – 586.41 Kg RS-1- 435.38 Kg VG-30- 4167.25 Kg | 586.41 /156 = 4 B 4167.25 / 156 = 27 B 435.38 /182 = 3 B ആകെ ബാരൽ- 34 B | 12/19-20 | വികസന ഫണ്ട്- 5,80,002/- ട്രഷറി ബിൽ നമ്പർ. 42/19-20 11/06/2019 | 34 X 238 = 8092/- GST-18% = 1447/- | ശ്രീ.പി.എ. ബിജുമോൻ |
| 2 | S0234/19 11-ാം വാർഡിലെ നെഹ്രുറോഡ് - ലക്ഷം വീട് കോളനി റോഡ് ടാറിംഗ് & ഉറപ്പുങ്കൽ റോഡ് കോൺക്രീറ്റിംഗ് PW1- 13397/17 | 6,66,721/- | SS-1 – 38.811 Kg RS-1- 83.72 Kg VG-30- 642.39 Kg | 38.811 /156 = 1 B 642.39/ 156 = 4 B 83.72 /182 = 1 B ആകെ ബാരൽ- 6 B | 95/17-18 | വികസന ഫണ്ട്- 6,66,721/- ട്രഷറി ബിൽ നമ്പർ. 39/19-20 11/06/2019l | 6 X 238 = 1428/- GST-18% = 257/- | ശ്രീ. എൻ.യു. കുഞ്ഞഹമ്മദ്. |
| 3 | S0339/19 ക്വാറി പൈൻ ബ്രാഞ്ച് റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് PW3- 21789/19 | 274349/- | SS-1 – 170.14 Kg RS-1- 177.77 Kg VG-30- 1454.25 Kg | 170.14/156 = 1 B 1454.25 Kg/ 156 = 9 B 177.77 /182= 1 B ആകെ ബാരൽ- 11 B | 86/18-19 | 274349/- MG (Road) | 11 X 238 = 2,618/- GST-18% = 471/- | ശ്രീ. എൻ.യു. കുഞ്ഞഹമ്മദ്. |
| 4 | S167/19 25-ാം വാർഡ് മാവിൻ ചുവട് -ചെളിക്കുഴിത്തണ്ട് റോഡ് ടാറിംഗ് & വെണ്ടുവഴി സ്കൂൾ റോഡ് സംരക്ഷണഭിത്തി PW3- 3839/18 | 5,08,220/-- | SS-1 – 294.53 Kg RS-1- 425.20 Kg VG-30- 4063.49 Kg | 294.53/156 = 2 B 4063.49 Kg/ 156 = 26 B 425.20 /182= 2 B ആകെ ബാരൽ- 30 B | 86/18-19 | 274349/- MG (Road) | 30 X 238 = 7,140/- GST-18% = 1,285/- | ശ്രീ. ലിജു പോൾ |
| 5 | S309/19 16-ാം വാർഡ് കമാൻഡർ തങ്കപ്പൻ നായർറോഡ് റീ ടാറിംഗ് & ജയകേരളം ബ്രാഞ്ച് റോഡ് പുനരുദ്ധാരണം PW1- 3782/18 | 3,92,441/- | RS-1- 290.25 Kg VG-30- 3232.32 Kg | 3232.32 Kg/ 156 = 21 B 290.25 /182= 2 B ആകെ ബാരൽ- 23 B | 6/18-19 | 274349/- MG (Road) | 23 X 238 = 5,474/- GST-18% = 985/- | ശ്രീ. സഞ്ജയ് സുരേന്ദ്രൻ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | S122/19<br>2-ാം വാർഡ് മദർ തെരേസ , സ്ലോട്ടർ ഹൗസ് റോഡ് , കോളനി റോഡ് ടാറിംഗ്<br>PW3- 3839/18 | 10,62,946/-<br>+ 257960/- | RS-1-<br>638.08 Kg<br>VG-30-<br>6437.44kg | 6437.44 Kg/ 156 = 41 B<br>638.08 /182= 4 B<br>ആകെ ബാരൽ- 45 B | 86/18-19 | 13,20,906/-<br>MG (Road) | 45 X 238 = 10,710/-<br>GST-18% = 1,927/- | ശ്രീ. സൈനുദ്ദീൻ |
| 7 | S151/19<br>8-ാം വാർഡിലെ വിവിധ റോഡുകൾ ടാറിംഗ്<br>PW3- 3839/18 | 2,75,670/- | RS-1-<br>117.55 Kg<br>VG-30-<br>1230.96 Kg | 1230.96 Kg/ 156 = 8 B<br>117.55 /182= 1 B<br>ആകെ ബാരൽ- 9 B | 88/18-19 | 2,75,670/-<br>MG (Road)<br>ട്രഷറി ബിൽ നമ്പർ 14/19-20<br>13/05/2019 | 9 X 238 =2,142/-<br>GST-18% = 386/- | ശ്രീ. ബിജുമോൻ പി.എ. |
| 8 | S0202/19<br>25-ാം വാർഡിലെ ആശാരി കോളനി റോഡ് , പട്ടാരുകടി റോഡ് ടാറിംഗ്<br>PW -13421/18 | 518922 | SS-1 –<br>545.06 Kg<br>RS-1-<br>176.34 Kg<br>VG-30-<br>1353.04 Kg | 545.06/156 = 4 B<br>1353.04 Kg/ 156 = 9 B<br>176.34 /182= 1 B<br>ആകെ ബാരൽ- 14 B | 144/18-19 | 518922/- (CFC)<br>ട്രഷറി ബിൽ നമ്പർ:<br>195/19-20<br>30/12/2019 | 14 X 238 = 3,332/-<br>GST-18% = 600/- | ശ്രീമതി. ബിന്ദ്യാ |
| 9 | S220/19<br>20-ാം വാർഡിലെ വെള്ളയ്ക്കാമറ്റം റോഡ്, 1,2 ഗണപതിഅമ്പലം റോഡ് റോഡ് , മാതിരപ്പള്ളി സ്കൂൾ ബ്രാഞ്ച് റോഡ് ടാറിംഗ്<br>PW -13404/18 | 13,35,527 | SS-1 –<br>1280.28 Kg<br>RS-1-<br>414.21 Kg<br>VG-30-<br>3178.11 Kg | 1280.28/156 = 8 B<br>3178.11 Kg/ 156 =20 B<br>414.21 /182= 2 B<br>ആകെ ബാരൽ- 30 B | 75/18-19 | 13,35,527/-<br>(CFC)<br>ട്രഷറി ബിൽ നമ്പർ:<br>158/19-20<br>25/11/2019 | 30 X 238 = 7,140/-<br>GST-18% = 1,285/- | ശ്രീ. N.K .അഷ്റഫ് |
| 10 | S220/19<br>1-ാം വാർഡിലെ സൺഡേസ്കൂൾ കരിച്ചിറക്കടവ് റോഡ് റീടാറിംഗ് , ആരക്കുഴ കോളനി റോഡ് റീടാറിംഗ്<br>PW -13448/18 | 13,39,176 | SS-1 –<br>1380 Kg<br>RS-1-<br>443.06 Kg<br>VG-30-<br>5283.34 Kg | 1380 /156 = 9 B<br>5283.34 Kg/ 156 =34 B<br>443.06/182= 2 B<br>ആകെ ബാരൽ- 45 B | 124/18-19 | 13,39,176/-<br>(MG Road)<br>ട്രഷറി ബിൽ നമ്പർ:<br>57/19-20<br>26/09/2019 | 45 X 238 = 10,710/-<br>GST-18% = 1,928/- | ശ്രീ. ലിജു പോൾ |
| 11 | S326/19<br>ചിറപ്പടി -മുണ്ടേക്കാവ് റോഡ് ടാറിംഗ്<br>PW -13448/18 | 5,34,098 | SS-1<br>–382.50 Kg<br>RS-1-<br>123.75 Kg<br>VG-30-<br>3107.35 Kg | 382.50/156 = 3 B<br>3107.35 Kg/ 156 =20 B<br>123.75/182= 1 B<br>ആകെ ബാരൽ- 24 B | 115/18-19 | 4,99,000/-<br>(CFC)<br>ട്രഷറി ബിൽ നമ്പർ:<br>65/19-20<br>13/11/2019 | 24 X 238 = 5,712/-<br>GST-18% = 1,028/- | ശ്രീ. K.E ഹമീദ് |
| 12 | S150/20<br>26-ാം വാർഡ് സെന്റ് . മേരീസ് റോഡ് - കറുകടം ഷാപ്പുപടി - കനാൽ ബണ്ട് റോഡ് റീടാറിംഗ്<br>PW-3 -12683/19 | 7,20782<br>MG-Road | RS-1- 235 Kg<br>VG-30-<br>2465.43 Kg | 2465.43 Kg/ 156 =16 B<br>235/182= 1 B<br>ആകെ ബാരൽ- 17 B | 87/19 -20 | 1) 2,62,700/-ട്രഷറി ബിൽ നമ്പർ:<br>417/19-20<br>25/03/2020<br>2) 4,58,081/-<br>ട്രഷറി ബിൽ നമ്പർ:<br>65/19-20<br>13/11/2019 | 17 X 238 = 4,046/-<br>GST-18% = 728/- | ശ്രീ. K.E ഹമീദ് |
| 13 | S307/19<br>6-ാം വാർഡിലെ കള്ളാട് പി.വി.ഐ.പി. കനാൽ ബണ്ട് റോഡ് ടാറിംഗ് - അയ്യപ്പൻകട്ടി റോഡ് റീ ടാറിംഗ്<br>PW1-13495/18 | 660308<br>MG (Road) | SS-1<br>–404.60 Kg<br>RS-1-<br>407.65 Kg<br>VG-30-<br>3949.60 Kg | 404.60 /156 = 3 B<br>3949.60 Kg/ 156 =25 B<br>407.65/182= 2 B<br>ആകെ ബാരൽ- 30 | 149/19 -20 | 660308<br>ട്രഷറി ബിൽ നമ്പർ:<br>323/19-20<br>29/02/2020 | 30 X 238 = 7,140/-<br>GST-18% = 1,285/- | ശ്രീ. പോൾ ആന്റണി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | B | | | | |
| 14 | S243/19<br>13-ാം വാർഡിലെ കല്ലപാലം- മാർാമംഗലം സ്കൂൾ റോഡ് ടാറിംഗ്, റീ ടാറിംഗ്, ലിങ്ക് റോഡുകളുടെ കോൺക്രീറ്റിംഗ്<br>PW1-13436/18 | 12,00,000<br>(MG Road) | SS-1 -556.40 Kg<br>RS-1- 410.04 Kg<br>VG-30- 3538.30 Kg | 556.40 /156 = 4 B<br>3538.30 Kg/ 156 =23 B<br>410.04/182= 2 B<br>ആകെ ബാരൽ- 29 B | 129/18-19 | 10,35,551/- ട്രഷറി ബിൽ നമ്പർ: 458/19-20 30/03/2019 | 29x 238 = 6,902/- GST-18% = 1,242/- | ശ്രീ. ലിജു പോൾ |
| 15 | S238/19, S266/20<br>11-ാം വാർഡിലെ പി.ആർ. അച്യുതൻ നായർ റോഡ്, എം.വി.കര്യാക്കോസ് റോഡ് ടാറിംഗ് ,കുടപ്പടി - പാറായിത്തോട്ടം റോഡ് റീ ടാറിംഗ്,<br>PW3-13431/18 | 14,71,642<br>(MG Road) | SS-1 -925.79 Kg<br>RS-1- 711.72 Kg<br>VG-30- 6600.89 Kg | 925.79 /156 = 6 B<br>6600.89 Kg/ 156 = 42 B<br>711.72 /182= 4 B<br>ആകെ ബാരൽ- 52 B | 152/18-19,<br>153/18-19 | 1) 4,80,724/- ട്രഷറി ബിൽ നമ്പർ: 127/19-20 29/10/2019<br>2) 4,97,297/- ട്രഷറി ബിൽ നമ്പർ: 128/19-20 29/10/2019<br>3) 4,93,602- ട്രഷറി ബിൽ നമ്പർ: 293/19-20 20/03/2020 | 52 X 238 = 12,376/- GST-18% = 2,228/- | ശ്രീ. ബിജുമോൻ പി.എ |
| 16 | S027/20<br>16-ാം വാർഡ് കമാൻഡർ തങ്കപ്പൻ നായർ റോഡ് റീ ടാറിംഗ് & ജയകേരളം ബ്രാഞ്ച് റോഡ്, NH അമ്പലപ്പറമ്പ് റോഡ് റീടാറിംഗ്<br>PW3- 12592/19 | 13,99,866/- | SS-1 -392.70 Kg<br>RS-1- 795.53 Kg<br>VG-30- 7830.03 Kg | 392.70 /156 = 3 B<br>7830.03 Kg/ 156 =50 B<br>795.53/182= 4 B<br>ആകെ ബാരൽ- 57 B | 79/19-20 | 13,99,866/- ട്രഷറി ബിൽ നമ്പർ: 412/19-20 24/03/2020 | 57 X 238 = 13,566/- GST-18% = 2,442/- | ശ്രീ. ലിജു പോൾ |

പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളതിനാൽ കാലി വീപ്പയുടെ വില 18 % GST ഉൾപ്പെടെ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. മേൽപ്പറഞ്ഞ തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33 -ന് ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ നിന്ന് കാലി വീപ്പയുടെ വില ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം കാലി വീപ്പയുടെ വിലയായ 1,08,528/-രൂപയും, അതിന്റെ GST തുകയായ 19,524/-രൂപയും ഈടാക്കി കാലി വീപ്പയുടെ വില തനത് ഫണ്ടിലേക്കും, നികുതി സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല

കോതമംഗലം നഗരസഭയിൽ 2019-2020 വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ " Earth Work In Excavation By Mechanical Means......" എന്ന പ്രവൃത്തിയിനത്തിൽ മണ്ണ് കുഴിച്ചെടുത്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി അതിന്റെ മൂല്യമായി നിശ്ചിത തുക കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണ് എന്തു ചെയ്തു എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രൊ.നമ്പർ/ ഫയൽ നമ്പർ/ പ്രവൃത്തിയുടെ പേര്/അടങ്കൽ | കരാർ തുക | കോൺട്രാക്ടറുടെ പേര് | അളവ് പുസ്തക നമ്പർ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് /നിരക്ക് | ഈ ഇനത്തിന് നല്കിയ തുക | ആകെ ചെലവ് | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| S253/20 25-ാം വാർഡിലെ ആശാരി കോളനി റോഡ്, പട്ടാരുപ്പടി റോഡ് ടാറിംഗ് 7,09,000/- ( CFC) PW3-13421/18 | 5,93,373/- | ശ്രീമതി. ബിന്ദ്യാ 147/18-19 06/03/2019 | 144/18-19 Page No. 36 | 48.22 M3 @ 200 | 9644/- | 5,18,922/ | ട്രഷറി ബിൽ നമ്പർ: 195/19-20 തീയതി 30/12/2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| എസ് 257/20 20-ാം വാർഡിലെ വെള്ളയ്ക്കാമറ്റം റോഡ് -1,2 ഗണപതി അമ്പലം ബ്രാഞ്ച് റോഡ് മാതിരപ്പള്ളി സ്കൂൾ ബ്രാഞ്ച് റോഡ് ടാറിംഗ് 15,00,000/- (CFC) PW3-13404/18 | 13,34,150/- | ശ്രീ. എൻ.കെ അഷ്റഫ് 82/AE/LSGD /2018-19 Dtd. 30.11.2018 | 79/18-19 Page 15 | 73.44 M3 @ 233.47 | 17146/- | 13,35,527/- | ട്രഷറി ബിൽ നമ്പർ: 158/19-20 തീയതി 25.11.2019 |
| S0234/19 11-ാം വാർഡിലെ നെഹ്റുറോഡ് - ലക്ഷം വീട് കോളനി റോഡ് ടാറിംഗ് & ഉറപ്പുങ്കൽ റോഡ് കോൺക്രീറ്റിംഗ് 9,65,000/- (CFC) PW1- 13397/17 | 7,92,961 | ശ്രീ. എൻ.യു. കുഞ്ഞുമുഹമ്മദ്. 19/18-19 22.09.2017 | 95/17-18 Page 3 | 34.60 M3 @ 232/m3 | 8027/- | 6,05,698/- | ട്രഷറി ബിൽ നമ്പർ: 39/19-20 തീയതി 11/06/2019 |
| S150/20 26-ാം വാർഡ് സെന്റ്. മേരീസ് റോഡ് - കറുകടം ഷാപ്പുപടി - കനാൽ ബണ്ട് റോഡ് റീടാറിംഗ് 7,21,000/- MG-Road PW-3 -12683/19 | 7,20,782/- | ശ്രീ. K.E ഹമീദ് 103/19-20 05/03/2020 | 87/19-20 Page 13 | 30 M3 @ 243.91 | 7,317/- | 7,20,782/- | ട്രഷറി ബിൽ നമ്പർ: 1) 2,62,700/- 417/19-20 തീയതി 25/03/2020 ട്രഷറി ബിൽ നമ്പർ: 2) 4,58,081/- 65/19-20 തീയതി 13/11/2019 |
| S243/19 13-ാം വാർഡിലെ കല്ലുപാലം-മാർമംഗലം സ്കൂൾ റോഡ് ടാറിംഗ്, റീ ടാറിംഗ്, ലിങ്ക് റോഡുകളുടെ കോൺക്രീറ്റിംഗ് PW1-13436/18 | 12,00,000 (MG Road) | ശ്രീ. ലിജു പോൾ 133/18-19 25/02/2019 | 129/18-19 Page No. 2 | 250 M3 @ 163.86/m3 | 40965/- | 10,35,551/- | ട്രഷറി ബിൽ നമ്പർ: 458/19-20 30/03/2019 |

മേൽപ്പറഞ്ഞ പ്രകാരം വിവിധ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗമോ, ഉപയോഗക്ഷമമല്ലെങ്കിൽ ടി വിവരമോ അളവ് പുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ Earth Work Excavation ഉൾപ്പെട്ട പ്രവൃത്തികൾ നടത്തുമ്പോൾ കുഴിച്ചെടുത്ത മണ്ണിന്റെ വില ബില്ലിൽ കിഴിവ് ചെയ്യേണ്ടതാണ്. ഉപയോഗക്ഷമമല്ലാത്ത മണ്ണാണെങ്കിൽ ടി വിവരം അളവ് പുസ്തകത്തിൽ ചേർക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അധികമായി കൈപ്പറ്റിയ ബിറ്റുമിന്റെ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 7-ാം വാർഡിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ |
| പ്രൊ.നമ്പർ | എസ് 76/18 |

| | |
|---|---|
| അടങ്കൽ തുക | 10,70,000/- |
| കരാർ തുക | 10,64,542/- |
| കോൺട്രാക്ടറുടെ പേര് | ലിജ്ജ പോൾ |
| എഗ്രിമെന്റ് നമ്പർ - തീയതി | 107/AE/LSGD/2017-18 Dtd. 18.03.2018 |
| ആകെ ചെലവ് | 1) 5,71,326/- (ട്രഷറിബിൽ നം. 16/18-19 തീയതി 13.12.2018)<br>2) 1,45,500/- (ട്രഷറിബിൽ നം.25/18-19 തീയതി 27.01.2019)<br>3) 3,47,717/- (ട്രഷറിബിൽ നം. 461/19-20 തീയതി 30.03.2019) |

കോതമംഗലം നഗരസഭയിൽ "7-ാം വാർഡിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ" എന്ന പ്രവൃത്തിക്ക് ശ്രീ. ലിജ്ജ പോൾ എന്ന കരാറുകാരൻ 18.03.2018-ൽ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തിയാക്കി 30.03.2019ൽ ഫൈനൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 3 പാർട്ട് ബില്ലുകൾ പ്രകാരമാണ് ഈ പ്രവൃത്തിക്ക് ആകെ തുക നല്കിയത് .

| | Ist Part Bill | Amount Paid To BPCL | IIIrd & Final Bill |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 571326 | 145500 | 486065 |
| കുറയ്ക്കുക: IT 1% | 5713 | | 4861 |
| WWF- 1% | 5713 | | 4861 |
| SGST- 1% | 5713 | | 4861 |
| CGST-1% | 5713 | | 4861 |
| Retension- 2.5% | 14283 | | - |
| ബിറ്റുമിൻ കാലി ബാരൽ- GST-18% | | | 986 |
| കരാറുകാരന് നല്കിയ തുക | 534191 | 145500 | 465636 |

ഈ പ്രവൃത്തിക്കുവേണ്ടി ആകെ ചെലവായ തുക 12,02,891/-രൂപയാണ്. ഈ പ്രവൃത്തിക്കുവേണ്ടി BPCL കമ്പനിക്ക് നഗരസഭ 1,45,500/- രൂപ മുൻകൂർ നല്കി കരാറുകാരന് ബിറ്റുമിൻ ലഭ്യമാക്കിയിരുന്നു. 10,57,891/- രൂപയാണ് പ്രവൃത്തിയുടെ ആകെ മൂല്യം. പ്രവൃത്തി പൂർത്തിയാക്കിയപ്പോൾ ഉപയോഗിച്ച ബിററുമിന്റെ മൂല്യം വരുന്നത് 1,32,437/- രൂപ മാത്രമാണ് .

എന്നാൽ ബിറ്റുമിന്റെ വിലയായി BPCLന് 1,45,500/- രൂപയാണ് നല്കിയത് . ഈ തുകയ്ക്കുള്ള ബിറ്റുമിൻ BPCL കരാറുകാരന് നല്കിയിട്ടുമുണ്ട്. അതായത് 13,063/- രൂപ മൂല്യം വരുന്ന ബിറ്റുമിൻ അധികമായി കരാറുകാരന്റെ കൈവശം ഉണ്ട്. എന്നാൽ ഫൈനൽ ബിൽ നല്കിയപ്പോൾ മാർക്കറ്റ് നിരക്കിലുള്ള ബിറ്റുമിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 11-ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് അധികമായി നല്കിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ ബിറ്റുമിന്റെ അന്നത്തെ മാർക്കറ്റ് നിരക്കിലുള്ള തുക കണക്കാക്കി കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-32 സമയബന്ധിതമായി പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല- നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 11-ാം വാർഡിലെ കിഴക്കേ കോതമംഗലം പാറായിത്തോട്ടം റോഡിലെ കലുങ്ക് നിർമ്മാണം |
| പ്രൊ.നമ്പർ | എസ് 269/18 |

| | |
|---|---|
| | |
| അടങ്കൽ തുക | 2,00,000/- |
| കരാർ തുക | 1,99,891/- |
| കോൺട്രാക്ടറുടെ പേര് | ബിജുമോൻ പി. എ |
| എഗ്രിമെന്റ് നമ്പർ-തീയതി | 127/AE/LSGD/2017-18 Dtd. 31.03.2018 |
| ആകെ ചെലവ് | 1,93,629/- (ട്രഷറിബിൽ നം. 25/19-20തീയതി 11.06.2019) |

കോതമംഗലം നഗരസഭയിൽ "11-ാം വാർഡിലെ കിഴക്കേ കോതമംഗലം പാറായിത്തോട്ടം റോഡിലെ കലുങ്ക് നിർമ്മാണം" എന്ന പ്രവൃത്തിക്ക് ശ്രീ. ബിജുമോൻ പി. എ എന്ന കരാറുകാരൻ 31.03.2018-ൽ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തിയാക്കി 11.06.2019ൽ ഫൈനൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

കരാർ പ്രകാരം 6 മാസമായിരുന്ന കരാർ കാലാവധി. അതായത് കരാറുകാരൻ 30/09/2018 -ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ പണി പൂർത്തിയാക്കി ഫൈനൽ ചെക്ക് മെഷർ ചെയ്തത് 25.03.2019-ാം തീയതിയായിരുന്നു. ( MB. 171/18-19 ).

കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ കാലാവധി പൂർത്തിയാകും മുൻപേ എൻജിനീയരുടെ സർട്ടിഫിക്കറ്റ് സഹിതം കരാറുകാരൻ കരാർ നീട്ടാൻ അപേക്ഷ നല്കേണ്ടതായിരുന്നു. 2012 ലെ പിഡബ്ല്യൂഡി മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. എന്നാൽ ഇവിടെ മേൽചട്ടപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ, പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

കരാറുകാരന് ഫൈനൽ ബിൽ തുക മുഴുവൻ നല്കിക്കഴിഞ്ഞെങ്കിലും കരാർകാലാവധി കഴിഞ്ഞതിനുള്ള നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തിയാക്കിയ സാഹചര്യത്തിൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (01.10.2018മുതൽ 25.03.2019 വരെ 25 ആഴ്ച) സെക്ഷൻ 2116.1 അനുസരിച്ച് PAC യുടെ 2.5 % കോമ്പൻസേഷൻ താഴെപ്പറയും വിധം ഈടാക്കേണ്ടിയിരുന്നു.

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 30/09/2018 |
| പൂർത്തീകരിച്ച തീയതി | 25/03/2019 |
| കാലതാമസം (ആഴ്ച) | 25ആഴ്ച |

| | |
|---|---|
| | |
| ഈടാക്കേണ്ട തുക | 2.5 X 1,99,981/100-= 4999/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽസാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് 4999/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല – ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുതുപ്പാടി ICDP സബ് സെന്ററിന് കെട്ടിട നിർമ്മാണം , PW-313407/18 |
| പ്രൊ.നമ്പർ | എസ് 042/18, |
| അടങ്കൽ തുക | 13,00,000/- |
| കരാർ തുക | 10,62,538/- |
| കോൺട്രാക്ടറുടെ പേര് | സജി കെ. കോയ |
| എഗ്രിമെന്റ് നമ്പർ- തീയതി | 45/AE/LSGD/2017-18 Dtd. 13.10.2017 |
| ആകെ ചെലവ് | 8,30,640/- (ട്രഷറിബിൽ നം. 18/19-20തീയതി 13.05.2019) |

കോതമംഗലം നഗരസഭയിൽ "പുതുപ്പാടി ICDP സബ് സെന്ററിന് കെട്ടിടനിർമ്മാണം " എന്ന പ്രവൃത്തിക്ക് ശ്രീ. സജി കെ. കോയ എന്ന കരാറുകാരൻ 13.10.2017-ൽ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തിയാക്കി 27.03.2019ൽ ഫൈനൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തു.

കരാർ പ്രകാരം 6 മാസമായിരുന്നു കരാർ കാലാവധി. അതായത് കരാറുകാരൻ 12/04/2018 -ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പണി പൂർത്തിയാക്കി ഫൈനൽ ചെക്ക് മെഷർ ചെയ്തത് 07.03.2019 നാണ്. ( MB. 75/17-18).

2012 ലെ പിഡബ്ല്യൂഡി മാനവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. കരാറുകാരന് ഫൈനൽ ബിൽ തുക മുഴുവൻ നല്കിക്കഴിഞ്ഞെങ്കിലും കരാർകാലാവധി കഴിഞ്ഞതിനുള്ള നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല.

ഈ ഇനത്തിൽ യാതൊരു തുകയും ഈടാക്കാതെ ഫൈനൽ ബിൽ നല്കിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.39-ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ നല്കിയ വിശദീകരണത്തിൽ കരാർ ഏറ്റെടുത്തശേഷം കരാറുകാരൻ സൈറ്റ് പരിശോധിച്ചപ്പോൾ നിലവിലെ എസ്റ്റിമേറ്റ് പ്രകാരം പണി നടത്തുന്നതിന് സാധ്യമല്ലാത്തതിനാൽ കൗൺസിൽ അനുമതിയോടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പണി പൂർത്തീകരിച്ചതെന്നും ആയതിനാലാണ് കാലതാമസം വന്നതെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്.

കരാറുകാരൻ നഗരസഭയുമായി എഗ്രിമെന്റ് വെച്ചത് 13.10.2017 ലാണ്. കരാർ പ്രകാരം 6 മാസക്കാലാവധിയായ 12/04/2018 നശേഷം 15/05/2018ലാണ് പ്രവൃത്തി ചെയ്യാൻ കഴിയില്ലെന്ന് കാണിച്ച് കത്ത് നല്കിയത്. ഈ കത്ത് അസിസ്റ്റന്റ് എൻജിനീയരുടെ പരിശോധനയ്ക്ക് നല്കിയത് 16/06/2018ലും, അസിസ്റ്റന്റ് എൻജിനീയർ മേൽവിഷയം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചത് 05/10/2018ലും ആണ്. 22/11/2018ലെ കൗൺസിൽ തീരുമാനനമ്പർ 13 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് കൗൺസിൽ അംഗീകാരം നല്കി.

ഈ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ കാലാവധി പൂർത്തിയാകും മുൻപേ എൻജിനീയരുടെ സർട്ടിഫിക്കറ്റ് സഹിതം കരാറുകാരൻ കരാർ നീട്ടാൻ അപേക്ഷ നല്കേണ്ടതായിരുന്നു. 2012 ലെ പിഡബ്ല്യൂഡി മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ, പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

2) പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരൻ എഗ്രിമെന്റ് വെച്ചതിന് ശേഷം കരാർ പ്രകാരമുള്ള കാലാവധിയും കഴിഞ്ഞിട്ടാണ് പ്രവൃത്തി ചെയ്യുന്നതിന് സാധിക്കില്ല എന്ന് കരാറുകാരൻ കത്ത് നല്കിയതും എൻജിനീയർ പരിശോധനവിധേയമാക്കിയതും. അതിന് ശേഷമാണ് കൗൺസിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് അനുമതി നല്കിയത്. ഒരു പ്രവൃത്തിക്കു വേണ്ടി പ്രൊജക്ട് തയ്യാറാക്കി ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പ്രവൃത്തി സ്ഥലം പരിശോധിച്ചതിന് ശേഷമോ , ഗുണഭോക്താക്കളുടെ ആവശ്യാനുസരണമോ അല്ല എന്നതാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്.

3) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും, പി.ഡബ്ല്യൂ.ഡി മാനവലിൽ നിഷ്കർഷിച്ച പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചതായി കാണുന്നില്ല.

നഗരസഭയുമായി ചമച്ച കരാറിലെ വ്യവസ്ഥകളൊന്നും പാലിക്കാതെ പ്രവൃത്തിയുടെ സ്വഭാവത്തിൽ തന്നെ മാറ്റം വരുത്തി പൂർത്തീകരണ കാലാവധി നീട്ടിക്കൊണ്ടുപോയത് കരാറുകാരൻ, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരുടെ നിരുത്തരവാദപരമായ സമീപനമാണ്. മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി പ്രവൃത്തിയുടെ മോണിറ്ററിംഗിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതും കാരണമാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-34 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

1977-78 മുതൽ 2018-19 വർഷം വരെയുള്ള വർഷങ്ങളിൽ ആകെ 37 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട് (ഖണ്ഡിക:4-11കാണുക). ഇതിൽ 2014-15 മുതൽ 2018-19 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

2013-14,14-15

1) ഹാൻഡ് റെയിലിംഗ് നടത്തിയതിലെ അധികച്ചെലവ് വന്ന തുകയായ 7549/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കിയിട്ടില്ല (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-1)

2) നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളിന്മേൽ സേവനനികുതി ചുമത്തി. നെഗറ്റീവ് ലിസ്റ്റിൽപ്പെട്ട കംഫർട്ട്

സ്റ്റേഷന്റെ വരവിനത്തിലെ ആകെ തുകയായ 1901000/-ന്റെ സേവനനികുതിയായി 234964/-(12.36%)രൂപ അധികം കേന്ദ്രസർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക നാളിതു വരെയും റീഫണ്ട് ചെയ്ത് നൽകിയിട്ടില്ല. (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-2)

3) പഴയ റോഡ് പിക്കിംഗ് അധിക നിരക്ക് നൽകിയത് കാരണം ഉണ്ടായ നഷ്ടമായ (₹. 5170/-) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-3)

4) മരാമത്ത് പ്രവൃത്തിയിൽ തെറ്റായ നിരക്ക് നൽകിയത് മൂലം, അധിക തുക നൽകിയപ്പോൾ ഉണ്ടായ നഷ്ടം(2461/-രൂ) ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടില്ല.(2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-7)

5) വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കാത്തതിനാൽ 1484700/-രൂപ തടസ്സപ്പെടുത്തിയിരുന്നു. തടസ്സം ഒഴിവാക്കുന്നതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-8)

2015-16

6) നഗരസഭാ പരിധിയിൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല(11000/-രൂപ)(2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.2-3)

7) മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കിയിട്ടില്ല(137034/-രൂപ)(2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക.2-4)

8) നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വാടക കെട്ടിടങ്ങളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. (2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-5)

9) ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയിൽ വരുമാന നഷ്ടത്തിന് കാരണമാകുന്നു(നഷ്ടം 5274/-).(2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-7)

10) ഹോസ്പിറ്റലുകളിലെ വേരിഫിക്കേഷൻ റിപ്പോർട്ടുകൾ നഗരസഭയിൽ എത്തിക്കുന്നതിനായി മെസഞ്ചർ ഫീ നൽകിയത് തടസ്സപ്പെടുത്തിയിരുന്നു. (2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-4)പരാമർശം പരിഹരിച്ചിട്ടില്ല.

11) പരസ്യ നികുതി പിരിച്ചപ്പോൾ ആദായ നികുതി ഈടാക്കിയിട്ടില്ല. (2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-8)പരാമർശം പരിഹരിച്ചിട്ടില്ല.

12) സ്ഥലമെടുപ്പ് കേസുകളിൽ കോടതി വിധി നടപ്പാക്കിയില്ല. ആയതിനാൽ പലിശ ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. (2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-9)

2016-17

13) വസ്തു നികുതി, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാതിരുന്നത് കാരണം നികുതിയിനത്തിൽ കുറവ് തുകയാണ് ഈടാക്കി അടച്ചിട്ടുള്ളത്(നഷ്ടം2246/-). (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-1)

14) ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന 2016-17 ഓഡിറ്റ് റിപ്പോർട്ടിലെ 2-2-ാം നമ്പർ പരാമർശം തീർപ്പാകാതെ നിൽക്കുന്നു.

15) രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ എന്നിവ പ്രവർത്തിക്കുന്നുവെന്ന 2016-17 ഓഡിറ്റ് റിപ്പോർട്ടിലെ 2-4-ാം നമ്പർ പരാമർശം തീർപ്പാകാതെ നിൽക്കുന്നു.

16) നഗരസഭാ പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ ഉണ്ട്. ആയത് പുനർ നിർണ്ണയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പരാമർശം തുടരുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-5)

17) പെട്രോൾ പമ്പുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ കുറവ് വന്നിട്ടുള്ളതായി ഖണ്ഡികയിൽ പരാമർശിച്ചിരുന്നു. എന്നാൽ ഈ അപാകത നാളിതു വരെയും പരിഹരിച്ചിട്ടില്ല.(2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-6)

18) വൈദ്യുതി ചാർജ്ജിനത്തിലെ പിഴ തുക തനത് ഫണ്ടിൽ നിന്ന് അടവാക്കിയതിനാൽ 2,873/- രൂപയുടെ ചെലവ് നിരാകരിച്ചിരുന്നു. ഈ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.(2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-2)

19) മാർഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്ത വ്യക്തിയെ പട്ടികയിൽപ്പെടുത്തി വീട് അറ്റകുറ്റപണി(പൊതു

വിഭാഗം)യ്ക്കുള്ള ആനുകൂല്യം നൽകിയെന്ന പരാമർശം തീർപ്പാക്കാതെ നിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-3)

20) അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ ടെണ്ടർ നോട്ടീസിൽ ആവശ്യമായ വിവരങ്ങൾ ചേർക്കാതിരുന്നത് അപാകതയാണെന്ന പരാമർശം തീർപ്പാക്കിയിട്ടില്ല. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-5)

21) നഗരസഭ ടൗൺഹാൾ നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഇതു വരെ ആരംഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-11)

22) വെള്ളക്കരം കുടിശ്ശികയിനത്തിൽ അധിക തുക അടയ്ക്കാനുണ്ട്. വാട്ടർ അതോറിറ്റി യാതൊരുവിധ നടപടിയും സ്വീകരിക്കാത്തത് കാരണമാണ് നഗരസഭയ്ക്ക് ഇത്രയും തുക അടയ്ക്കാനുള്ളത്. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-13)

23) പുതുപ്പാടി കുടിവെള്ള പദ്ധതി- മാർഗ രേഖയിൽ പ്രതിപാദിയ്ക്കുന്ന ഗുണഭോക്താക്കളെ കണ്ടെത്തുവാൻ നഗരസഭയ്ക്ക് സാധിച്ചില്ല. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-14)

24) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭ്യമായതിന്റെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-15)

2017-18

25) അധിക എഫ്എആർ കണക്കാക്കിയതിലെ അപാകത കാരണം പെർമിറ്റ് ഫീസിനത്തിൽ ഡിമാന്റ് ചെയ്തത് കുറഞ്ഞ തുകയാണ്. ഈ പരാമർശത്തിന് മേൽ തുടർ നടപടി സ്വീകരിക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-1)

26) വസ്തു നികുതി (ഗാർഹികം/ഗാർഹികേതരം)കുറവായി നിർണ്ണയിച്ചത് കാരണം നികുതിയിനത്തിൽ കുറവ് തുകയാണ് നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. ഈ പരാമർശത്തിന് മേൽ തുടർ നടപടി സ്വീകരിക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-2)

27) തെരുവ് വിളക്ക് പരിപാലനത്തിനായി പദ്ധതി രൂപീകരിച്ച് അനുമതി വാങ്ങുന്നില്ല എന്ന പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-5)

28) തെരുവിളക്കുകൾക്കാവശ്യമായ ട്യൂബ് ലൈറ്റ് വാങ്ങൽ-നിർവ്വഹണത്തിലെ അപാകതകൾ എന്ന ഖണ്ഡികയ്ക്ക് തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-13)

29) നഗരസഭയിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിലെ അപാകതകൾ പരിഹരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-15)

30) BPCL ന് ബിറ്റുമിൻ ലഭ്യമാക്കുന്നതിനായി തുക മുൻകൂറായി അനുവദിച്ചിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-20)

31) വിവിധ കരാറുകാർക്ക് മരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ നൽകിയെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-21)

32) വിവിധ കരാറുകാർക്ക് മരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ നൽകിയെങ്കിലും ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയല്ല ചെയ്തിട്ടുള്ളത്. മറ്റ് പ്രവൃത്തികളാണ് ചെയ്തത്. ആയതിനാൽ ബിറ്റുമിന്റെ വില തിരികെ കരാറുകാരിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ മറുപടി ലഭ്യമാക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-22)

2018-19

33) വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത കാരണം കുറവ് തുകയാണ് നികുതിയായി നഗരസഭയ്ക്ക് ലഭിച്ചത്. ഈ അപാകത പരിഹരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ പരാമർശം തുടരുന്നു. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-13)

34) നഗരസഭയിലെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങൾ വർഷങ്ങളായി ക്രമവൽക്കരിക്കാത്തതിനാൽ നികുതിയിനത്തിൽ ലഭിക്കേണ്ടതായ തുക നഷ്ടമാകുന്നുണ്ട്. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-14)

35) റഗുലറൈസേഷൻ അപേക്ഷകളിന്മേൽ നടപടി വൈകുന്നത് കാരണം വരുമാനയിനത്തിൽ നഗരസഭയ്ക്ക്

ലഭിക്കേണ്ടതായ തുക നഷ്ടമാകുന്നു. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-15)

36) മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. ആയതിനാൽ അനധികൃത നിർമ്മാണം നടക്കുന്നുണ്ടോയെന്ന കാര്യത്തിൽ അവ്യക്തത തുടരുന്നു. ഈ പരാമർശത്തിന്മേൽ മറുപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-16)

37) നഗരസഭാ പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ പരാമർശത്തിന്മേൽ മറുപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-17)

38) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ഫീസ് കുറവായി/ഈടാക്കാത്തത് സംബന്ധിച്ച പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-18)

39) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ വെള്ളക്കരം കുടിശ്ശികയാണ്. വാടകക്കാരിൽ നിന്നും തുക ലഭിക്കാതിരുന്നത് കാരണമാണ് കുടിശ്ശിക വന്നത്. ഈ പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-22)

40) പൊതു ടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക തുക നാളിതു വരെയും ക്രമീകരിച്ചിട്ടില്ല. ഈ പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-23)

അവസാന അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. തീർപ്പാകുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 3/2019-20 |
| അടങ്കൽ | 1000000/-(പ്ലാൻ-ജനറൽ) |
| ചെലവ് | 1000000/- |
| ബിൽ നം. | 743433/2019-20/26.10.2019 |

നഗരസഭാ പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ വിഹിതമാണ് മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2019-20 -ലെ മൊത്തം പ്രവർത്തന കലണ്ടറാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. നഗരസഭയിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് നഗരസഭ ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2019-20-ലെ വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .

## 1-36 പുരയിട കൃഷി വികസനം-വളം വിതരണം- അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ.

പദ്ധതി നം. 60/19-20

അടങ്കൽ:300000/- (പ്ലാൻ-ജനറൽ)

ചെലവ് : 300000/-

ബിൽ നം.1160373/28.01.2020.

1) പുരയിട കൃഷി വികസനം പദ്ധതിയിൽ വളം വിതരണം ചെയ്യുന്ന പദ്ധതിയുടെ അപേക്ഷകളിൽ താഴെ ചേർത്ത അപേക്ഷകൾ അംഗീകരിച്ചെങ്കിലും അപേക്ഷകളിൽ തുക ശുപാർശ ചെയ്തിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് | അനുവദിച്ച തുക | വിസ്തീർണ്ണം(Ha) |
|---|---|---|---|
| 1 | കുര്യാക്കോസ്.എം.വി | 2850 | 0.43 |
| 2 | പോൾസൺ വർഗ്ഗീസ് | 570 | .08 |
| 3 | ഏലിയാസ്.സ്.പി. | 2850 | 0.61 |
| 4 | ഏലിയാസ്.കെ.പി | 1425 | 0.14 |
| 5 | ജോയി.കെ.ജെ | 2850 | .088 |
| 6 | സാൽവി കുര്യൻ | 1425 | 0.14 |
| 7 | സാറാമ്മ കുഞ്ഞുഞ്ഞ് | 570 | 0.09 |
| 8 | ജാനകി മാധവൻ | 1425 | 0.11 |
| 9 | ജോർജ്.എ.ജെ | 570 | .06 |
| 10 | കുര്യച്ചൻ.സി.കെ | 1425 | 0.59 |

2)താഴെ ചേർത്ത അപേക്ഷകൾ നിർവഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് | അനുവദിച്ച തുക | വിസ്തീർണ്ണം(Ha) |
|---|---|---|---|
| 1 | എൽദോസ് | 1425 | 0.18 |
| 2 | ബോബൻ സി.മാത്യു | 1425 | 0.12 |

3) അപേക്ഷയിൽ അനുവദിച്ച തുകയും നൽകിയ തുകയും വ്യത്യസ്തമാണ്.

ഗുണഭോക്താവ്. മുരളി.കെ.കെ., കാര്യാംപറമ്പിൽ.

അപേക്ഷയിൽ അനുവദിച്ച തുക. 1425/- വിസിതീർണ്ണം :0.57

നൽകിയ തുക. 570/-

മേൽ പറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/28.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 ജലസേചന പമ്പ് സെറ്റ് വിതരണം- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

പദ്ധതി നം. 197/19-20 (So)
അടങ്കൽ: 32460/-

ചെലവ്: 32460/-

1) 2018-19 ൽ പരമാവധി 10000/- രൂപ വീതം 20 പേർക്ക് പമ്പ്സെറ്റ് നൽകുന്നതായിരുന്ന പദ്ധതി. പദ്ധതിയിൽ 50% ആണ് സബ്സിഡി നിരക്ക്. ഓഡിറ്റ് വർഷം ശേഷിക്കുന്ന തുകയായിരുന്ന സ്പിൽഓവറായി അഞ്ച് പേർക്കായി വിതരണം ചെയ്തത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പമ്പ്സെറ്റിന്റെ വില | സബ്സിഡി നൽകിയ തുക |
|---|---|---|---|
| 1 | ഫ്രാൻസിസ്.എം.സി | 19069 | 8291 |
| 2 | ബെന്നി മാത്യു | 11031 | 4860 |
| 3 | പൗലോസ്. ലി.ഒ. | 9408 | 4200 |
| 4 | മത്തായി.കെ.പി. | 24752 | 10000 |
| 5 | നാരായണൻ.എ.എ | 11600 | 5109 |

മേൽ ഗുണഭോക്താക്കളിൽ ക്രമ നം 4 ഒഴികെയുള്ളവർക്ക് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

2) അപേക്ഷകൻ ഒപ്പ് വയ്ക്കാത്ത അപേക്ഷ സ്വീകരിച്ച് ആനുകൂല്യം അനുവദിച്ചു.

മേൽ പട്ടികയിലെ ക്രമ നം ഒന്ന്, അഞ്ച് ഒഴികെയുള്ളവരാരും തന്നെ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തി സമർപ്പിച്ചിട്ടില്ല. കൂടാതെ അപേക്ഷയിൽ ചേർക്കേണ്ട മറ്റ് വിവരങ്ങളും ചേർത്തിട്ടില്ല. അപേക്ഷകന്റെ ഒപ്പില്ലാത്ത അപേക്ഷ ഫോറം അപേക്ഷയായി പരിഗണിക്കാനാവില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/28.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. ഒന്നിൽ ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റിന്റെ വിലയുടെ നിശ്ചിത നിരക്കിലല്ല സബ്സിഡി നൽകിയത്. ഉദാ: ക്രമ നം. 1,3 -ൽ യഥാക്രമം 43.47%,44.64%.

ഒരേ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. പദ്ധതി നിർവ്വഹണത്തിൽ വന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 നികുതി ഈടാക്കാതെയും കരാർ വ്യവസ്ഥ പാലിക്കാതെയും വാഹന വാടക നൽകി

കോതമംഗലം മുനിസിപ്പാലിറ്റിയിലെ താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (പ്രോജക്റ്റ് നം. 43/19-20) പ്രൈമറി, സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി വാഹനം ഉപയോഗിച്ച വകയിൽ വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കി അടവാക്കിയതായി കാണുന്നില്ല.

അടങ്കൽ ; 10,00,000/- ചെലവ് : 9,99,999/-

പദ്ധതിയുമായി ബന്ധപ്പെട്ട ന്യൂനത താഴെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയറിനായി ക്വട്ടേഷൻ മുഖേന തിരഞ്ഞെടുക്കുകയും 1.4.2019 മുതൽ ഒരു വർഷത്തേക്ക് കരാർ ചമക്കുകയും ചെയ്തു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ 29.3.2019- ലെ ബി. 314/2016 നം നടപടി ക്രമത്തിൽ 6 മാസത്തിന് ശേഷം കരാർ പുതുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

2) പ്രൈമറി, സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി KL-17.c.5357,kL.44.A.9416 എന്നീ വാഹനങ്ങൾ ഉപയോഗിച്ച വകയിൽ കരാർ പ്രകാരം ശ്രീ. സച്ചു സാജുവിന് വാഹന വാടക ഇനത്തിൽ തൻവർഷം ആകെ 4,30,200/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് ആദായ നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 1/19-20,2122.07.2019 | 94800 |
| 4/19-20,16.08.2019 | 33600 |
| 7/ 19-20,09.11..2019 | 74400 |

| | |
|---|---|
| 9/19-20 27.11.19 | 38400 |
| 11/19-20,23.12.2019 | 46200 |
| 18/19-20, 11.02.2020 | 38400 |
| 13/19-20,16.01.2020 | 37200 |
| 28/19-20,17.03.2020 | 33600 |
| 29/19-2027.03.2020 | 33600 |
| ആകെ | 430200/- |

അനുവദിച്ച 4,30,200/-രൂപയുടെ 1% തുക ആദായ നികുതിയായി ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.42/04.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 മാർഗ്ഗരേഖ പ്രകാരമല്ലാതെ ക്യാൻസർ ബോധവൽക്കരണ ക്യാമ്പ് നടത്തി.

പ്രോജക്ട് നം. നം.345/19-20.

പ്രൊജക്ട് .ക്യാൻസർമുക്ത എറണാകുളം

അടങ്കൽ: 300000/- രൂപ

ചെലവ് : 233283/- രൂപ

ബിൽ നം.: 21/19.2.2020, 23/28.2.20, 24/16.2.20, 27/18.3.20, 30/27.3.20.

നിർവ്വഹണം. മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി.

ക്യാൻസർ ബോധവൽകരണം നടത്തുന്നതിനും തുടർന്ന് പ്രാഥമിക പരിശോധനയിൽ രോഗലക്ഷണങ്ങൾ കാണുന്നവരെ തുടർ ചികിത്സക്ക് റഫർ ചെയ്യുന്നതിനുമാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ലഭ്യമാക്കിയ ഫയലിൽ ബോധവൽകരണ ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങളും എതാനും ലാബ് റീഏജന്റ്സ് വാങ്ങിയതിന്റെ രേഖകളും മാത്രമാണുള്ളത്. സ.ഉ.(കൈ) നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 8.4 പ്രകാരം ബോധവൽക്കരണ ക്യാമ്പുകൾ മാത്രമായി നടത്തുവാൻ പാടില്ലാത്തതാണ്. രോഗനിർണ്ണയ ക്യാമ്പോടു കൂടിയ സർവ്വേകളാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ രോഗനിർണ്ണയം നടത്തുകയും തുടർ ചികിത്സ ആവശ്യമുള്ളവരെ ചികിത്സക്കായി റഫർ ചെയ്യുകയും ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളിൽ വിവിധ വാർഡുകളിൽ ശരാശരി 70 പേർ വീതം ക്ലാസിൽ പങ്കെടുത്തതിന്റെയും, റിഫ്രഷ്മെന്റിനുമായി ഉള്ള ചെലവാണ് കാണുന്നത്. ആകെ ചെലവ് 1,44,580/- രൂപയാണ്. പദ്ധതി നിർവ്വഹണത്തിലെ മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/4.5.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണം നടത്താതിരുന്നതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-40 ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് എന്നിവ ലഭ്യയിട്ടില്ല.

1) സാമൂഹ്യ സുരക്ഷാമിഷന് സംഭാവനയായി നഗരസഭ നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം.1/20

അടങ്കൽ/ചെലവ് : 100000/-

ബിൽ നം. 80876/12.11.2019

സ.ഉ.(സാധാ)നം.1209/2013/ത.സ്വ.ഭ.വ തിയ്യതി.6.5.2013 പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. എന്നാൽ

രണ്ടര വർഷത്തോളമായിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല.

2)പദ്ധതി നം. 2/19-20

ബിൽ നം. 7023512/12.11.2019

തുക. 134388/-

ഐ.കെ.എം ന് നൽകിയ മേൽ പറഞ്ഞ തുകക്കുള്ള കൈപ്പറ്റ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

തൻവർഷം അടവാക്കിയ മേൽപറഞ്ഞ തുകകളുടെ കൈപ്പറ്റ് /വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-41 വാട്ടർ അതോറിറ്റി നിക്ഷേപ പ്രവർത്തി നടത്തിയതിലെ ന്യൂനതകൾ .

2019-20 -ൽ കേരള വാട്ടർ അതോറിറ്റിയിൽ മൂന്ന് നിക്ഷേപ പ്രവൃത്തികൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | നഗരസഭയുടെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, മാറ്റി സ്ഥാപിക്കൽ. |
| പ്രോജക്ട് നം | 33/2019-20 |
| നിർവ്വഹണം | സെക്രട്ടറി. |
| അടങ്കൽ | 369346/-(ധനകാര്യ കമ്മീഷൻ അവാർഡ് മറ്റുള്ളവ 36935/-) |
| ചെലവ് | 190200/-(ധനകാര്യ കമ്മീഷൻ അവാർഡ് മറ്റുള്ളവ 31700/-) |
| ബിൽ നമ്പർ/ ഡിഡി നം. | 1)25/16.12.2019 തുക 60600/-+17300/-<br>2)27/16.12.2019 തുക 76500/+8500/-<br>3)32/16.12.2019 തുക 53100/-+5900/- |

നിക്ഷേപം നടത്തിയ പ്രവർത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)വാർഡ് 18-ലെ കൊള്ളിക്കാട് പുഴക്കടവ് റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ. നിക്ഷേപിച്ച തുക. 60600/-(2018-19 – ൽ 215600/- രൂപയുടെ എസ്റ്റിമേറ്റിൽ അടവാക്കാൻ ശേഷിക്കുന്ന തുകയാണ് തൻവർഷം അടവാക്കിയത്)

2) വാർഡ് 16-ലെ ശോഭന സ്കൂളിന് സമീപം പൈപ്പ് നീട്ടൽ. നിക്ഷേപിച്ച തുക 76500/-(ധ.ക.ഗ്രാന്റ്),8500 /-(ഗുണ.വിഹിതം)

3)വാർഡ് 7-ലെ എലവംപറമ്പ് കപ്പേല പന്തംപള്ളി റോഡ് പൈപ്പ് നീട്ടൽ. നിക്ഷേപിച്ച തുക 53100/-(ഗുണ.വിഹിതം)

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ക്രമ നം. 1 -ന്റെ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്കുള്ള വാട്ടർ അതോറിട്ടിയുമായി കരാർ വച്ചതിന്റെ രേഖയും ഫയലിൽ ലഭ്യമല്ല.

ക്രമ നം 2, 3 - എന്നിവയിലെ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും പ്രവർത്തി നടത്തി ബാക്കിയുള്ള തുകയും മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്. (കെ.ഡബ്ല്യ.എ.യുടെ 24.12.21 -ലെ എ.2- 52/2020 ലം കത്ത്). അപ്രകാരം ക്രമ നം 2, 3 പ്രവർത്തികളിലായി ലഭിച്ച യഥാക്രമം 33890/-, 3997/- രൂപ തനത് ഫണ്ട് അക്കൗണ്ടിൽ (കാത്തലിക്ക് സിറിയൻ ബാങ്ക് A/c No.190001) നിക്ഷേപിച്ചിരിക്കയാണ്. ഈ തുക സഞ്ചിത നിധിയിലേക്കായിരുന്നു അടവാക്കേണ്ടിയിരുന്നത്. അതോടൊപ്പം 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-45/04-05-2022)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 2019-20 ഓഡിറ്റിനോടൊപ്പമാണ് കണക്കുകൾ പരിശോധിച്ചത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | 21900766/ 18.11.19 | 60600 | 0 | 60600 |
| ” | ” | 21900762/ 25.11.19 | 76500 | 0 | 76500 |
| ” | ” | 21900754/ 04.12.19 | 53100 | 0 | 53100 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21900991/ 16.01.20 | 35754 | 0 | 35754 |
| ” | ” | 21901262/ 20.03.20 | 45815 | 0 | 45815 |
| ” | ” | 21901323/ 30.03.20 | 35046 | 0 | 35046 |
| ആകെ | | | 306815 | 0 | 306815 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ഉത്തരവ് | ലൈഫ്/ പി.എം. എ,വൈ ലോൺ തുക | | വർഷാരംഭത്തിൽ തിരിച്ചടക്കുവാനുണ്ടായിരുന്ന തുക | തൻവർഷ വരവ് | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഉത്തരവ് നമ്പർ ലഭ്യമാക്കിയില്ല | ഹഡ്കോ | 55720000 | 12320000 | 43400000 | 1333333 | 0 | 54386667 |
| ഉത്തരവ് നമ്പർ ലഭ്യമാക്കിയില്ല | കെ.യു.ആർ. ഡി.എഫ്.സി | 23700000 | 312833 | 620000 | 312833 | 35026 | 620000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100 രൂപ വീതം മുഖവിലയുള്ള 645 ഓഹരികൾ കൈവശമുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 64500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64500 |

## 4-7 ഓഡിറ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 2016-2017 | 3-11 | 2017-18 | നഗരസഭ ടൌൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാദ്ധ്യത 83,61,108/-രൂപ. നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിന് ശേഷവും ആരംഭിച്ചിട്ടില്ല | നടപടികൾ സ്വീകരിച്ച് വരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 198466730 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 226233402 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 904000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്.)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 594000/- | ശ്രീ. വിജയപ്രകാശ് എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-21 | 310000/- | ശ്രീമതി കവിത എസ് കുമാർ, സെക്രട്ടറി |
| ആകെ | 904000/- | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിജയപ്രകാശ് എസ്, ഹെൽത്ത് സൂപ്പർവൈസർ | സേവനത്തിൽ നിന്നും വിരമിച്ചു | ഉഷസ്, പരാമൗണ്ട് ഗാർഡൻ പിരായിരി പി.ഒ പാലക്കാട് |
| ശ്രീമതി കവിത എസ് കുമാർ, സെക്രട്ടറി | സെക്രട്ടറി ഏറ്റുമാനൂർ നഗരസഭ | ഗംഗ നിവാസ് നിയർ ഹൗസിംഗ് ബോർഡ് മൂവാറ്റുപുഴ പി.ഒ മൂവാറ്റുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 Dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 Dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 Dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 Dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 Dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 Dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 Dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 Dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 Dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 Dt.4.2.2003 |
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 Dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 Dt.19.12.2005 |
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 Dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 Dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 Dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 Dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 Dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 Dt.7.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , Dt. 26.08.15 |

| | |
|---|---|
| 2013-14,2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , Dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , Dt. 08.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1)1776/2017 , Dt. 19.09.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം1)301/2019 , Dt. 19.03.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(എം2)1969/2019, Dt. 13.02.2020 |

ജോയിന്റ് ഡയറക്ടർ
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്